# PREFACE

*The* **'FOCUS'** *is published by the Kerala Legislature Secretariat for the use of the members of the Kerala Legislative Assembly. It is a digest containing articles and excerpts from books on subjects of current intellectual, political, social and cultural interest, news, reports of the commissions and committees and reviews of books. The views expressed therein are those of the authors and do not necessarily reflect the views of the Kerala Legislature Secretariat.*

*Materials reproduced from other sources may not be republished in any form. Inquiries regarding permission for publication may be addressed directly to the sources cited.*

`

***S.V. UNNIKRISHNAN NAIR ,***
***SECRETARY ,***
***KERALA LEGISLATIVE ASSEMBLY.***

# CONTENTS

VOL. XLIX JULY 2019 No. 7


| | **ARTICLES** | **Page** |
|---|---|---|
| അമൃത് ജി. കുമാർ | നയരേഖയ്ക്കുള്ളിലെ നവലിബറൽ രാഷ്ട്രീയം<br>മാതൃഭൂമി ആഴ്ചപ്പതിപ്പ്<br>[**14-20** ജൂലായ് 2019] | 1-21 |
| ഡോ. ഗംഗ റ്റി. | സൈബർ ലോകത്തിന്റെ കാണാപ്പുറങ്ങൾ<br>വിജ്ഞാനകൈരളി<br>[ജൂലായ് 2019] | 22-27 |
| Asha Sarangi | Resistance to formula<br>[Frontline, 19 July 2019] | 28-38 |
| Ilangovan Rajasekaran | Chennai's thirst<br>[Frontline, 19 July 2019] | 39-48 |
| | **<u>BOOK REVIEW</u>** | |
| Sandhya Rao | Identity and belonging -[A Review of the Book-"Without a Country", by Ayse Kulin<br>[Frontline, 19 July 2019] | 49-52 |
| | **<u>LEGISLATIVE BUSINESS</u>** | |
| | Resume of Business-Fifth Session of the 13th Himachal Pradesh Vidhan Sabha. | 53-56 |

FOCUS



## നയരേഖയ്ക്കുള്ളിലെ നവലിബറൽ രാഷ്ട്രീയം

**അമൃത് ജി. കുമാർ**

1986-ലെ ദേശീയ വിദ്യാഭ്യാസനയത്തിനുശേഷം ഏതാണ്ട് മൂന്നുപതിറ്റാണ്ടുകൾ പിന്നിട്ട് നാം മറ്റൊരു ദേശീയ വിദ്യാഭ്യാസ നയപ്രഖ്യാപനത്തിന്റെ പടിവാതിലിലാണ്. ഇതിന്റെ അവസാനപടി എന്നുതന്നെ വിശേഷിപ്പിക്കാവുന്ന ഘട്ടത്തിലാണ് ദേശീയവിദ്യാഭ്യാസ നയരേഖയുടെ കരടുരൂപം പുറത്തുവന്നിരിക്കുന്നത്. വിപുലമായ തയ്യാറെടുപ്പുകളാണ് 2019-ലെ പുതിയ ദേശീയ വിദ്യാഭ്യാസനയത്തിന്റെ കരടുരൂപം തയ്യാറാക്കുന്നതിന്റെ പിന്നണിയിലുണ്ടായിട്ടുള്ളത്. ജനാധിപത്യപരമായ സംവാദങ്ങൾ ഈ കമ്മിറ്റിയുടെ റിപ്പോർട്ട് രൂപവത്കരിക്കുന്നതിന്റെ ഭാഗമായി നടത്തപ്പെടുകയുണ്ടായി. അതിൽ യു.ജി.സി., എൻ.സി.ഇ.ആർ.ടി., എം.സി.ടി.ഇ., എം.സി.ഐ., എ.ഐ.സി.ടി.ഇ. എന്നിങ്ങനെ വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്ന ഗുണനിലവാര, നിയന്ത്രക സ്ഥാപനങ്ങളുമായി നീണ്ട ചർച്ചകളും വ്യത്യസ്ത മന്ത്രാലയങ്ങളുമായി നടത്തിയ ചർച്ചകളും എടുത്തുപറയേണ്ടതാണ്. രാഷ്ട്രത്തിന്റെ വൈവിധ്യത്തെ കണക്കിലെടുത്തുകൊണ്ട് ന്യൂനപക്ഷ വിഭാഗങ്ങളിൽ, അതിൽ പ്രധാനമായും മുസ്ലിം, ക്രിസ്ത്യൻ, പാഴ്സി, ബുദ്ധിസ്റ്റ് മതങ്ങളിൽ നിന്നും ഭാഷാന്യൂനപക്ഷങ്ങളിൽ നിന്നും വിവിധ ജാതിവിഭാഗങ്ങളിൽപെട്ടവരും മറ്റ് പിന്നാക്കവിഭാഗങ്ങൾ, ട്രാൻസ്ജെൻഡറുകൾ, ശാരീരികവൈകല്യമുള്ളവർ എന്നിങ്ങനെ സമൂഹത്തിലെ വിവിധ വർഗങ്ങളിലും തലങ്ങളിലുമുള്ളവരുമായും റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ ഭാഗമായി അഭിപ്രായങ്ങൾ ശേഖരിച്ചിട്ടുണ്ട്.

എന്നാൽ ഈ ജനാധിപത്യ സ്വഭാവം നയരേഖയുടെ എല്ലാതലങ്ങളിലും ഉണ്ടോ എന്നുള്ളത് സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കപ്പെടേണ്ടതുണ്ട്. ജനാധിപത്യം, സാമൂഹികനീതി, ലിംഗസമത്വം എന്നിങ്ങനെ ഉദാത്തവും പുരോഗമനപരവുമായ പല മൂല്യങ്ങളെയും നയരേഖയിലേക്ക് സന്നിവേശിപ്പിക്കാൻ ശ്രമിക്കുമ്പോൾതന്നെ അവയുടെ അടിവേരുകൾ ചെന്നെത്തുന്നത് വളരെ സാമ്പ്രദായികമായ കാഴ്ചപ്പാടുകളിലേക്കും



മാമൂലുകളിലേക്കുമാണ്. അതുകൊണ്ടുതന്നെ നയരേഖയുടെ പൊതുസ്വഭാവം സാമ്പ്രദായിക ആധുനികവത്കരണം എന്ന വൈരുധ്യാത്മകതയിൽ ഊന്നിയതാണ് എന്നുകാണാം.

**സാമ്പ്രദായിക ആധുനികവത്കരണം**

ഒരേസമയം സാമ്പ്രദായികത്വവും ആധുനികവത്കരണശ്രമങ്ങളും കൈകോർത്ത് മുന്നോട്ടുനീങ്ങുന്ന ഒരു അവസ്ഥാവിശേഷമാണ് സാമ്പ്രദായിക ആധുനികവത്കരണം (Conservative Modernisation) എന്നതുകൊണ്ട് മൈക്കിൾ ആപ്പിളിനെപ്പോലെയുള്ള സമകാലിക വിദ്യാഭ്യാസവിദഗ്ധർ വിവക്ഷിക്കുന്നത്. വളരെ ഉദാത്തമായ ചില ആധുനികമൂല്യങ്ങൾ നയരേഖയുടെ കരടുരൂപം മുന്നോട്ടുവയ്ക്കുമ്പോഴും അതിന്റെ പ്രധാനപ്പെട്ട ലക്ഷ്യങ്ങളായി വായിച്ചെടുക്കാൻ സാധിക്കുന്നത് തീർത്തും സാമ്പ്രദായികമായ മൂല്യങ്ങളിലൂന്നിയ കാഴ്ചപ്പാടുകളാണ്. അതുകൊണ്ടുതന്നെ ആവശ്യം വരുമ്പോൾ ആധുനികതയും അതുമായി ബന്ധപ്പെട്ട മൂല്യങ്ങളും മറ്റുചിലയിടങ്ങളിൽ സാമ്പ്രദായിക മൂല്യങ്ങളെയും ബന്ധിപ്പിക്കുന്ന കാഴ്ചയാണ് നയരേഖയിൽ കാണാൻ സാധിക്കുന്നത്. യഥാർഥത്തിൽ ഇത്തരത്തിലുള്ള സാമ്പ്രദായിക ആധുനികവത്കരണം സമൂഹത്തിന്റെ സ്റ്റാറ്റസ്കോ നിലനിർത്തുന്നതിന് മാത്രമാണ് സഹായിക്കുന്നത് സാമൂഹികഘടനയെ ഉടച്ചുവാർക്കുന്നതിനുള്ള ഉൾക്കാഴ്ചകൾ നൽകാത്ത ഒരു വിദ്യാഭ്യാസ നിർദേശവും യഥാർഥത്തിൽ പൂർണമായും പുരോഗമനപരമായ നിർദ്ദേശങ്ങളാണ് എന്ന് കണക്കാക്കാൻ ബുദ്ധിമുട്ടാണ്. അതുകൊണ്ടുതന്നെ പുതിയ ദേശീയവിദ്യാഭ്യാസനയം പുരോഗമനപരമായ പല കാഴ്ചപ്പാടുകളും മുന്നോട്ടുവയ്ക്കുമ്പോഴും അതിൽ അന്തർലീനമായിരിക്കുന്ന മാമൂലുകളും സാമ്പ്രദായികത്വവും സാമൂഹിക ഘടനയെ മാറ്റമില്ലാതെതന്നെ മുന്നോട്ടുകൊണ്ടു പോകുന്നതിന് അറിഞ്ഞോ അറിയാതെയോ പ്രോത്സാഹിപ്പിക്കുന്നവയാണ്. ഇത്തരത്തിൽ ദേശീയ വിദ്യാഭ്യാസനയരേഖയുടെ കരടുരൂപത്തിൽ അന്തർലീനമായിരിക്കുന്ന സാമ്പ്രദായിക ആധുനികവത്കരണ സങ്കല്പങ്ങളെ നോക്കിക്കാണുകയാണ് ഈ ലേഖനം.



**അധികാരവും സംസ്കാരവും നയരേഖയിൽ**

വിദ്യാഭ്യാസനയരേഖകൾ രാഷ്ട്രത്തിന്റെ നിയതിയെത്തന്നെ നിർണയിക്കുന്ന സുപ്രധാനരേഖകളാണ്. നയരേഖകൾ തയ്യാറാക്കുന്ന വിദഗ്ധർക്ക് ഭാവിസമൂഹത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ രൂപപ്പെടുന്നതിൽ അവർ ജീവിച്ചുവന്ന ചുറ്റുപാടുകളും പശ്ചാത്തലവും മറ്റും സുപ്രധാന പങ്കുവഹിക്കുന്നുണ്ട്. ഇവിടെയാണ് വിദഗ്ധസമിതിയുടെ തിരഞ്ഞെടുപ്പിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയായിരുന്നു എന്ന ചോദ്യം പ്രസക്തമാകുന്നത്. ഏതൊക്കെ രീതിയിലാണ് ഇത് തയ്യാറാക്കിയ വിദഗ്ധരുടെ ജീവിതപശ്ചാത്തലങ്ങൾ അവരുടെ വിദ്യാഭ്യാസ കാഴ്ചപ്പാടുകൾ രൂപവത്കരിച്ചത്? അത്തരത്തിലുള്ള അവരുടെ ജീവിതകാഴ്ചപ്പാടുകളും സാമൂഹിക കാഴ്ചപ്പാടുകളും വിദഗ്ധസമിതിയിലേക്ക് ശുപാർശ ചെയ്യപ്പെടുന്നതിൽ എന്തുപങ്കാണ് വഹിച്ചിട്ടുള്ളത്? ഇവയെല്ലാം തന്നെ നയ രേഖയുടെ അധികാരവും സംസ്കാരവും നിർണയിക്കുന്ന സുപ്രധാന ഘടകങ്ങളായി മാറുന്നുണ്ട്.

എല്ലാ നയരേഖകളും വളരെ ഊന്നലോടുകൂടി ഭാവിയെക്കുറിച്ചുള്ള സങ്കല്പങ്ങൾ വിശദീകരിക്കാറുണ്ട്. ദേശീയവിദ്യാഭ്യാസനയരേഖയുടെ കരടുരൂപവും ഭാവിസമൂഹത്തെക്കുറിച്ച് പലയാവർത്തി എടുത്തുപറയുന്നുണ്ട്. നയരേഖയുടെ കാഴ്ചപ്പാടിലൂടെ മുന്നോട്ടുവയ്ക്കപ്പെടുന്ന ഭാവിസമൂഹം വരേണ്യസ്വഭാവമുള്ള നാലാം വ്യവസായവത്കൃതവ്യവസ്ഥയിൽ ഊന്നിയ ഒന്നാണ്. എന്നാൽ ഇത്തരം ഒരു വ്യവസ്ഥയിൽ എല്ലാവരും ഒരേ നിലവാരത്തിലുള്ള സാമ്പത്തിക, സാമൂഹിക, സാംസ്കാരിക പശ്ചാത്തലങ്ങളിൽ ഉണ്ടാവുക എന്നത് കാല്പനികമായ സ്വപ്നം മാത്രമായിരിക്കും. സാമൂഹിക സുരക്ഷ, തുല്യനീതി, സമത്വം എന്നിവയുടെ ഭാവി നാലാം വ്യവസായിക വിപ്ലവകാലഘട്ടത്തിൽ ഉറപ്പാക്കുന്നതിൽ ഉന്നത വിദ്യാഭ്യാസത്തിന്റെ പങ്ക് എന്താണ് എന്ന് വ്യക്തമായ ഒരു കാഴ്ചപ്പാട് നയരേഖ മുന്നോട്ടു വയ്ക്കുന്നില്ല.

ആഗോളപാഠ്യപദ്ധതി ചരിത്രം നമ്മെ പഠിപ്പിക്കുന്നത്, അറിവ് ഒരു കാലഘട്ടത്തിലും നിഷ്പക്ഷമായിരുന്നില്ല എന്നും അത് നിർമ്മിക്കുന്നവരുടെ



ജീവിതപശ്ചാത്തലങ്ങളും താത്പര്യങ്ങളും അറിവിൽ രാഷ്ട്രീയത്തെ നിക്ഷേപിക്കുന്നുവെന്നുമാണ്.അതുപോലെതന്നെ പാഠ്യപദ്ധതിനിർമ്മാണത്തിൽ പങ്കാളികളായിരിക്കുന്ന വിദഗ്ധരുടെ ജീവിത പശ്ചാത്തലങ്ങളും താത്പര്യങ്ങളും പാഠ്യപദ്ധതിയെ രൂപപ്പെടുത്തുന്നതിൽ സുപ്രധാനമായ പങ്കുവഹിക്കുന്നു. ഇത് നയരേഖയുടെ കാര്യത്തിലും ഒട്ടും വ്യത്യസ്തമല്ല.

നിലനിൽക്കുന്ന അധികാരഘടനയുടെയും അസമത്വത്തിന്റെയും ഉത്പാദനത്തിന് ഏറ്റവും പ്രധാനപ്പെട്ട സാമൂഹിക ഉപകരണങ്ങളാണ് വിദ്യാഭ്യാസസ്ഥാപനങ്ങൾ. വിദ്യാഭ്യാസസ്ഥാപനങ്ങളുടെ പാഠ്യപദ്ധതി, ബോധനരീതിശാസ്ത്രം, മൂല്യനിർണയം എന്നിവയുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ, നിലനിൽക്കുന്ന സാമൂഹിക ഘടനയുടെ പുനരുത്പാദനത്തിൽ സുപ്രധാനമായ പങ്കാണ് വഹിക്കുന്നത്. ഒരു സമൂഹത്തിൽ നിൽക്കുന്ന അസമത്വത്തിന്റെയും അധികാരഘടനയുടെയും പുനരുത്പാദനം വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുപ്തമായ ലക്ഷ്യങ്ങളുടെ ഭാഗമാണ് എന്ന ബേസിൽ ബേൺസ്റ്റൈൻ, പൗലോഫ്രെയർ, ഇവാൻ ഇല്ലിച്ച് എന്നിവരുടെ മുന്നറിയിപ്പ് വിദ്യാഭ്യാസ നയരേഖ വായിക്കുമ്പോൾ അവഗണിക്കാൻ സാധിക്കില്ല.

അതുകൊണ്ടുതന്നെ തങ്ങളുടെ സാമൂഹിക പശ്ചാത്തലങ്ങൾ, പ്രത്യയശാസ്ത്ര താത്പര്യങ്ങൾ എന്നിവയിൽനിന്ന് വിദ്യാഭ്യാസ നയരേഖയെ എങ്ങനെ വേർപെടുത്തിനിർത്തി അല്ലെങ്കിൽ സ്വതന്ത്രമാക്കി എന്നു പറയുന്നതിനുള്ള ധാർമികമായ ഉത്തരവാദിത്വം നയരേഖയ്ക്കുണ്ട്. നയരേഖയുടെ സുതാര്യതയെ സ്വാധീനിക്കുന്നതിൽ സുപ്രധാനമായ പങ്ക് ഇത് വഹിച്ചേനെ.

**ജനാധിപത്യസ്വഭാവം**

നയരേഖ തയ്യാറാക്കുന്നതിന്റെ ഭാഗമായി 33 പ്രധാനപ്പെട്ട തീമുകളാണ് (വിഷയങ്ങൾ) മാനവ വിഭവശേഷി വകുപ്പിന്റെ (എച്ച്. ആർ.ഡി.) നേതൃത്വത്തിൽ ആദ്യം തിരഞ്ഞെടുത്തത്. ഇതിൽ 20 തീമുകൾ ഉന്നതവിദ്യാഭ്യാസത്തെ സംബന്ധിച്ചും 13 തീമുകൾ സ്കൂൾ വിദ്യാഭ്യാസത്തെ സംബന്ധിച്ചും ഉള്ളവയായിരുന്നു. എന്നാൽ ഈ തീമുകൾ എങ്ങനെ തിരഞ്ഞെടുത്തു എന്നതിനെ കുറിച്ച് റിപ്പോർട്ട് നിശബ്ദമാണ്. ഈ



തിരഞ്ഞെടുക്കപ്പെട്ട 33 തീമുകളുടെ ഉള്ളിൽ നിന്നുകൊണ്ടുള്ള ചർച്ചകളാണ് ദേശീയ വിദ്യാഭ്യാസ നയരൂപവത്കരണവുമായി ബന്ധപ്പെട്ട് നടന്നിട്ടുള്ളത്. തീമുകൾക്ക് വെളിയിലേക്ക് പോകാൻ സാധ്യതയുള്ള എല്ലാ വിഷയങ്ങളെയും ഒരു പക്ഷേ, ഈ തീമിന്റെ ഉള്ളിലേക്ക് ഒതുക്കിചേർക്കുന്ന ഒരു പ്രവർത്തനം റിപ്പോർട്ട് തയ്യാറാക്കിയപ്പോൾ ഉണ്ടാവാൻ സാധ്യതയുണ്ട് എന്നാണ് മനസ്സിലാക്കേണ്ടത്.

കൂടുതൽ പങ്കാളിത്തവും ജനാധിപത്യപരമായ രീതിയിലുള്ള അഭിപ്രായ സമാഹരണത്തിനുള്ള ശ്രമങ്ങളുമെല്ലാം ദേശീയ വിദ്യാഭ്യാസപദ്ധതിയുടെ ഭാഗമായി ഉണ്ടായിട്ടുണ്ട് എന്ന് കാണാൻ സാധിക്കും. ഇതിന്റെ ഭാഗമായി ഓൺലൈൻ വഴിയുള്ള അഭിപ്രായ സമാഹരണം, മൈ ഗവൺമെന്റ് പോർട്ടൽപോലെയുള്ള വെബ്സൈറ്റിലൂടെ നാളുകളോളം ഗവൺമെന്റ് നടത്തിയിട്ടുണ്ട്. അതേപോലെ മന്ത്രാലയങ്ങളുടെ നേരിട്ടുള്ള നേതൃത്വത്തിൽ സംസ്ഥാനതലത്തിലും പഞ്ചായത്ത് തലത്തിലുമടക്കം നയരേഖയുമായി ബന്ധപ്പെട്ട ചർച്ചകൾ നടന്നിട്ടുണ്ട്. സംസ്ഥാനങ്ങളുടെ സഹകരണം ഉറപ്പാക്കുന്നതിന്റെ ഭാഗമായി സെൻട്രൽ അഡ്വൈസറി ബോർഡ് ഓഫ് എജുക്കേഷന്റെ 2015 ഓഗസ്റ്റിൽ നടന്ന അറുപത്തിമൂന്നാമത്തെ മീറ്റിങ്ങിൽ ദേശീയ വിദ്യാഭ്യാസനയരേഖയെ സംബന്ധിക്കുന്ന കാര്യങ്ങൾ അജൻഡയിൽ ചേർത്ത് ചർച്ച ചെയ്യുകയുണ്ടായി. ഇതിന്റെ തുടർച്ചയായി 2016 ഒക്ടോബറിൽ നടന്ന അറുപത്തിനാലാമത് സെൻട്രൽ അഡ്വൈസറി ബോർഡ് ഓഫ് എജുക്കേഷന്റെ മീറ്റിങ്ങിൽ ഇത് ചർച്ചചെയ്തു. ഇതുവഴി എല്ലാ സംസ്ഥാനങ്ങളിലുമുള്ള വിദ്യാഭ്യാസമന്ത്രിമാർക്ക് വിഷയവുമായി പരിചയപ്പെടുന്നതിനും മനസ്സിലാക്കുന്നതിനുമുള്ള അവസരങ്ങൾ ലഭിച്ചു. ഏതാണ്ട് 2.5 ലക്ഷം ഗ്രാമപഞ്ചായത്തുകൾ, 6600 ബ്ലോക്കുകൾ, 6000 അർബൻ ലോക്കൽ ബോർഡുകൾ, 676 ജില്ലകൾ, 29 സംസ്ഥാനങ്ങൾ, യൂണിയൻ ടെറിട്ടറികൾ എന്നിങ്ങനെ വളരെ വിപുലമായ ചർച്ചകൾ 2015-നുള്ളിൽത്തന്നെ നയരേഖയുമായി ബന്ധപ്പെട്ട് നടന്നു. 110623 വില്ലേജുകളും 3250 ബ്ലോക്കുകൾ, 406 ജില്ലകൾ, 21 സംസ്ഥാനങ്ങൾ എന്നിവയും തങ്ങളുടെ അഭിപ്രായങ്ങൾ ഓൺലൈനിൽ 'സർവേ മൈ ഗവൺമെന്റ് ഡോട്ട് ഇൻ' എന്നുള്ള ലിങ്കിലേക്ക്



സമർപ്പിക്കുകയുണ്ടായി. ഏറ്റവും അവസാനമായി 31 മന്ത്രാലയങ്ങളിൽ നിന്നും, 29 സംസ്ഥാനങ്ങൾ, കേന്ദ്രഭരണ പ്രദേശങ്ങൾ എന്നിവയിൽ നിന്നും 76 പാർലമെന്റംഗങ്ങളിൽ നിന്നും 305 തിരഞ്ഞെടുക്കപ്പെട്ട വളരെ പ്രധാനപ്പെട്ട വ്യക്തികളിൽനിന്നും 324 സ്ഥാപനങ്ങളിൽനിന്നും 485 വ്യക്തികൾ അവരുടെ കത്തുകളിലൂടെയും 7613-ഓളം ഇലക്ട്രോണിക് കത്തുകളിലൂടെ ലഭിച്ച ആശയങ്ങളും ഉൾപ്പെടുത്തിയാണ് ദേശീയ വിദ്യാഭ്യാസനയത്തിന്റെ കരട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളതെന്നാണ് നയരേഖയിൽ പറയുന്നത്.

വളരെ വിശാലമായ ചർച്ചകൾക്കുള്ള ഇടം നയരേഖയുടെ ഭാഗമായി സമൂഹത്തിൽ നടത്തപ്പെട്ടുവെങ്കിലും വ്യക്തികളുടെ ഭാഗത്തുനിന്നും പാർലമെന്റ് അംഗങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ള സംഭാവനകൾ ചുരുക്കമാണ്. 76 പാർലമെന്റ് അംഗങ്ങൾ മാത്രമാണ് അഭിപ്രായ രൂപവത്കരണ പ്രവർത്തനങ്ങളിൽ പങ്കെടുത്തത്.

ഇത്ര വിപുലമായ അഭിപ്രായ ശേഖരണങ്ങളും ചർച്ചകളും നടത്തിയ, ദേശീയ വിദ്യാഭ്യാസ നയരൂപവത്കരണ ശ്രമങ്ങൾ നടത്തിയ, വിദഗ്ധസംഘം അതുവഴി ശേഖരിച്ച അഭിപ്രായങ്ങളും വിവരങ്ങളും എങ്ങനെയാണ് ഡോക്യുമെന്റ് ചെയ്തത് എന്നും അവയെ എങ്ങനെയാണ് തങ്ങളുടെ കണ്ടെത്തലുകളിലേക്കും നയരേഖയിലെ നിർദ്ദേശങ്ങളിലേക്കും എത്തിച്ചത് എന്നും ഒരു വിവരവും നയരേഖ നൽകുന്നില്ല. അതായത് ലഭിച്ച അഭിപ്രായങ്ങളെ എങ്ങനെ ക്രോഡീകരിച്ച് കണ്ടെത്തലുകളിലേക്കും നിർദ്ദേശങ്ങളിലേക്കും എത്തിച്ചേർന്നു എന്നും അതിനുവേണ്ടി സ്വീകരിച്ച മാർഗങ്ങൾ എന്തെല്ലാമായിരുന്നുവെന്നും അതിന്റെ രീതിശാസ്ത്രം എന്തായിരുന്നുവെന്നും, ആ രീതിശാസ്ത്രം സ്വീകരിച്ചതിന്റെ യുക്തി എന്തായിരുന്നുവെന്നുമുള്ള വിഷയങ്ങളിൽ ദേശീയ വിദ്യാഭ്യാസനയം നിശബ്ദമാണ്. ഇത്തരത്തിലുള്ള വിവരങ്ങൾ ലഭ്യമാക്കേണ്ടത്, ഇതിൽ പങ്കെടുത്തവരുടെ അഭിപ്രായങ്ങൾക്ക് ശരിയായ പ്രാതിനിധ്യം നയരേഖയിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് അറിയുന്നതിനുള്ള ഏറ്റവും പ്രധാനപ്പെട്ട മാർഗം എന്നതിലുപരി അത് സമർപ്പിച്ചവരുടെയും സർവോപരി രാജ്യത്തെ ഓരോ പൗരന്റെയും അവകാശം കൂടിയാണ്. അഭിപ്രായങ്ങളെ പ്രധാനപ്പെട്ട



തീമുകളായി വേർതിരിച്ചുഎന്ന് നയരേഖയുടെ അവസാനഭാഗത്ത് മെമ്പർ സെക്രട്ടറിയായ ഷക്കീല ഷംസുവിന്റെ കുറിപ്പിൽ പറയുന്നുണ്ടെങ്കിലും ഇത്തരത്തിലുള്ള തീമുകളിലേക്ക് എത്തിച്ചേരുന്നതിന്റെ രീതിശാസ്ത്രം വ്യക്തമാക്കുന്നില്ല. ഇത്തരത്തിൽ നയരേഖയുടെ ചില ഘട്ടങ്ങളിൽ വളരെ സുതാര്യമായ ജനാധിപത്യമാർഗങ്ങൾ അവലംബിക്കുമ്പോഴും തുടർഘട്ടങ്ങളിൽ നിഗൂഢത പ്രദർശിപ്പിക്കുക വഴി ഒരു വൈരുധ്യാത്മകത നയരേഖയിൽ കടന്നുവരുന്നുണ്ട്.

**നയരേഖയിലെ സ്കൂൾ**

ഉച്ചഭക്ഷണത്തിനുപുറമേ പ്രഭാതഭക്ഷണംകൂടി സ്കൂൾ വിദ്യാർത്ഥികൾക്ക് നൽകണം എന്ന് വളരെ പുരോഗമനപരമായ സമീപനം മുന്നോട്ടു വയ്ക്കുന്ന ഈ നയരേഖ (P58), ഇവിടെ ജനിച്ചുവീഴുന്ന ഓരോകുട്ടിയും രക്ഷാകർത്താക്കളുടേതുമാത്രമല്ല സമൂഹത്തിന്റേതുകൂടിയാണ് എന്ന് പ്രഖ്യാപിക്കുന്നുണ്ട്. നമ്മുടെ ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വത്തിന്റെയും ചുവപ്പുനാടയുടെയും പ്രശ്നങ്ങളെ മുൻകൂട്ടി കാണുന്ന നയരേഖ ഇതിനുവേണ്ടി അനുവദിക്കപ്പെടുന്ന പണം ഭക്ഷണസാധനങ്ങളുടെ വിലയും പണപ്പെരുപ്പവുമായി ബന്ധപ്പെടുത്തി കാലാകാലങ്ങളിൽ പുതുക്കി ആവശ്യത്തിന് ഉപകരിക്കാൻ തക്കവിധത്തിൽ നൽകേണ്ടതുണ്ട് എന്നും നിർദ്ദേശിക്കുന്നു. സാമൂഹിക ക്ഷേമത്തിൽ പുരോഗമനപരമായ കാഴ്ചപ്പാട് മുന്നോട്ടുവെച്ച ഇതേ നയരേഖ, അടിസ്ഥാന സാക്ഷരതയും അവശ്യഗണിതശാസ്ത്ര നൈപുണികളും പഠിപ്പിക്കുന്നതിനുവേണ്ടി ഒന്ന്, രണ്ട്, മൂന്നുവരെയുള്ള ഗ്രേഡുകളിലെ കുട്ടികൾക്ക് ഗണിതശാസ്ത്രവാരം, ഭാഷാവാരം, ഗണിതശാസ്ത്രവും വായനയും പരിശീലിപ്പിക്കുന്നതിനുവേണ്ടി എല്ലാ ദിവസങ്ങളിലും പ്രത്യേകം നീക്കിവെച്ച സമയം എന്നിങ്ങനെ വായനയോടും ഗണിതശാസ്ത്രത്തോടും മടുപ്പുളവാക്കുന്ന തരത്തിലുള്ള കർശനമായ ഇരുമ്പ് ചട്ടക്കൂടുകളോടുകൂടിയ നിർദ്ദേശങ്ങളാണ് മുന്നോട്ടുവെക്കുന്നത് (P59). വിദ്യാർത്ഥികളുടെ കഴിവുകൾ വ്യത്യസ്തമാണെന്ന് പലവുരു ആവർത്തിക്കുകയും അംഗീകരിക്കുകയും ചെയ്യുന്ന നയരേഖ, അടിസ്ഥാന സാക്ഷരതയും ഗണിതശാസ്ത്രപരമായ



നൈപുണികളും മൂന്നാമത്തെ ഗ്രേഡിനുള്ളിൽത്തന്നെ വിദ്യാർത്ഥികൾ പൂർണമായും നേടിയിരിക്കണം എന്ന് നിർബന്ധം പിടിക്കുക വഴി സ്കൂൾ വിദ്യാഭ്യാസത്തിൽ നിലനിന്നിരുന്ന ഇരുമ്പുചട്ടയെ ക്ലാസ്മുറികളിൽ പുനരാവിഷ്കരിക്കുന്നതിനുള്ള ഉപകരണമായി മാറുന്നു. അടിസ്ഥാനഭാഷയും ഗണിതശാസ്ത്രനൈപുണികളും മറ്റും വളരെ ചെറിയ ക്ലാസുകളിൽ തന്നെ നമ്മുടെ വിദ്യാർത്ഥികൾ നേടിയിരിക്കണം എന്ന നമ്മുടെ മനഃശാസ്ത്രവിരുദ്ധ നിലപാടുകളിൽ നിന്നാണ് വിദ്യാഭ്യാസം എന്ന പ്രക്രിയതന്നെ ഒരു വിദ്യാർഥിവിരുദ്ധ ആശയമായി മാറിയത്. അടിസ്ഥാനസാക്ഷരതയും ഗണിതശാസ്ത്രനൈപുണികളും നേടുന്നതിനുള്ള പുതിയ മാർഗങ്ങളും ഇരുമ്പ് ചട്ടക്കൂടുകളുമാണ് നയരേഖ മുന്നോട്ടുവയ്ക്കുന്നത്. അതുകൊണ്ട് പ്രഭാതഭക്ഷണവും മറ്റും നൽകി വിദ്യാർഥികളെ സ്കൂളുകളിലേക്ക് കൊണ്ടുചെന്നെത്തിക്കുന്നത് പഴയ പീഡനമുറകളെ പുതിയ രീതിയിൽ അവതരിപ്പിക്കുന്നതിനുവേണ്ടിയാണെന്ന് കാണാൻ കഴിയും. ചുരുക്കിപ്പറഞ്ഞാൽ സ്കൂളുകളിൽ വിദ്യാർഥികളുടെ കഴിവുകളും അഭിരുചികളും പരിപോഷിപ്പിക്കുന്ന തരത്തിലുള്ള വ്യത്യസ്തങ്ങളായ പഠനബോധന അനുഭവങ്ങൾ എന്ന ആശയത്തിൽനിന്ന് ഞങ്ങൾക്കുവേണ്ടത് നിങ്ങളെ പഠിപ്പിക്കുന്നതിനുള്ള ചൂണ്ടയായി ഉച്ചക്കഞ്ഞിയും പ്രഭാതഭക്ഷണവും അടക്കമുള്ള സാമൂഹ്യ ക്ഷേമപദ്ധതികളെ ഉപയോഗിക്കുകയാണ് ചെയ്യുന്നത്. ഇത് അടിസ്ഥാനപരമായി രാഷ്ട്രത്തിന്റെ സാക്ഷരതയും ഗണിത ശാസ്ത്രനൈപുണികളും നേടിയ വിദ്യാർഥികളുടെ 'എണ്ണം' വർധിപ്പിക്കുമെങ്കിലും ക്രിയാത്മകതയുടെയും അഭിരുചികളുടെയും ശവപ്പറമ്പ് എന്ന നിലയിൽനിന്ന് പ്രൈമറി സ്കൂളുകളെ വിമോചിപ്പിക്കും എന്ന് കരുതുക വയ്യ. മാത്രവുമല്ല സാർവത്രികമായ അടിസ്ഥാനസാക്ഷരതയും ഗണിതശാസ്ത്രപരമായ നൈപുണികളും മൂന്നുവരെയുള്ള ക്ലാസ്സുകൾക്കുള്ളിൽതന്നെ നേടിയിരിക്കണം എന്ന നയരേഖയുടെ ശക്തമായ നിർദ്ദേശം നമ്മുടെ കുട്ടികൾക്ക് സ്കൂൾ അനുഭവങ്ങളുടെ ഒരു പീഡനപരമ്പരതന്നെ അവരെ കാത്തിരിക്കുന്നതിന്റെ സൂചനയായി കാണേണ്ടതുണ്ട്.



സ്കൂൾ വിദ്യാഭ്യാസത്തിന് എത്തുന്ന കുട്ടികളുടെ കൊഴിഞ്ഞുപോക്ക് പൂർണമായും നിയന്ത്രണവിധേയമാക്കുകയും മൂന്നുമുതൽ 18 വയസ്സു വരെയുള്ള എല്ലാ കുട്ടികൾക്കും 2030 ഓടുകൂടി സൗജന്യവും നിർബന്ധിതവുമായ സ്കൂൾ വിദ്യാഭ്യാസം നൽകേണ്ടതുണ്ട് എന്ന പുരോഗമനപരമായ മറ്റൊരാവശ്യം ഈ നയരേഖയുടെ എടുത്തുപറയേണ്ട നിർദ്ദേശങ്ങളിലൊന്നാണ്. ഒരു ലക്ഷ്യത്തിലേക്ക് എത്തുന്നതിനുവേണ്ടിയുള്ള പദ്ധതികൾ തയ്യാറാക്കുമ്പോൾ ലക്ഷ്യപ്രാപ്തിക്ക് തടസ്സം നിൽക്കുന്ന ഘടകങ്ങളെ അവലോകനം ചെയ്യുകയെന്നുള്ളത് വളരെ പ്രധാനപ്പെട്ട സംഗതിയാണ്. ഇത്തരത്തിലുള്ള ഒരു അവലോകനനയരേഖ നമ്മുടെ മുന്നിലേക്ക് വെച്ചുതരുന്നുണ്ട്. കുട്ടികൾ നേടേണ്ട അടിസ്ഥാന കഴിവുകൾ നേടാൻ കഴിയാത്തത്, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ലഭ്യത, സാമൂഹികവും സാംസ്കാരികവുമായ ഘടകങ്ങൾ, സാമ്പത്തികമായ കാരണങ്ങൾ, സുരക്ഷയുടെ അപര്യാപ്തത, സ്കൂൾ വിരസമാകുന്നത് എന്നിങ്ങനെ നിരവധിയുണ്ട് കാരണങ്ങൾ. ശ്രദ്ധിക്കേണ്ട ഒരു പ്രധാനപ്പെട്ട വിഷയം, സാമ്പത്തികമായ അസമത്വം എന്ന സാമൂഹികപ്രശ്നം എങ്ങനെയാണ് സ്കൂളിലെ കുട്ടികളുടെ കൊഴിഞ്ഞുപോക്കിന് കാരണമാകുന്നത് എന്നതിനെക്കുറിച്ച് ഒരു ഉൾക്കാഴ്ചയുള്ള വരിയെങ്കിലും എഴുതുന്നതിന് നയരേഖ വിട്ടുപോയി എന്നതാണ്.

പേജ് നമ്പർ 59-ൽ വിദ്യാർഥികൾക്ക് അടിസ്ഥാന സാക്ഷരതയും ശാസ്ത്ര നൈപുണികളും വികസിപ്പിക്കുന്നതിനുവേണ്ടി വളരെ കൃത്യമായ മാർഗനിർദ്ദേശങ്ങളും സൂക്ഷ്മതലത്തിലുള്ള പ്രവർത്തനങ്ങളും ഉദ്ദേശിക്കുന്നു നയരേഖ. പേജ് നമ്പർ 75-ൽ സ്കൂൾഘടനയുടെ മാറ്റവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ മുൻപോട്ടുവയ്ക്കുമ്പോൾ ഇതെല്ലാം മറന്നുപോകുന്നു! ഘടനാമാറ്റവുമായി ബന്ധപ്പെട്ട് നയരേഖ പറയുന്നത്, പ്രീപ്രൈമറി ഘട്ടത്തിലെ മൂന്നുവർഷവും ഒന്ന് രണ്ട് ഗ്രേഡുകളുംകൂടിയുള്ള കാലഘട്ടത്തെ ഫൗണ്ടേഷൻ സ്റ്റേജായാണ് കാണേണ്ടത് എന്നാണ്. ഫൗണ്ടേഷൻ സ്റ്റേജിൽ ഉൾപ്പെടുന്ന അഞ്ചുവർഷം കളിയിലൂടെയും കണ്ടുപിടിത്തങ്ങളിലൂടെയും മറ്റുമുള്ള രസകരമായ രീതിയിൽ വിദ്യാർഥികളെ സ്കൂൾ അനുഭവങ്ങളുമായി



ഇണക്കിച്ചേർക്കണം എന്ന് പറയുന്നുണ്ട്. ഫൗണ്ടേഷണൽ കാലഘട്ടത്തിലെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് നയരേഖ മുന്നോട്ടുവയ്ക്കുന്ന പഠനാനുഭവങ്ങൾ ഇതേ നയരേഖയിലെ തന്നെ അടിസ്ഥാന സാക്ഷരത, ഗണിതശാസ്ത്ര നൈപുണികൾ എന്നിവ സ്വായത്തമാക്കുന്നതിനുവേണ്ടി നയരേഖ നിർദ്ദേശിക്കുന്ന സൂക്ഷ്മവും കർശനവുമായ നിർദ്ദേശങ്ങളുമായി പരസ്പരവിരുദ്ധമാണ്.

**നവലിബറൽ സ്വാധീനങ്ങൾ**

ഉന്നത വിദ്യാഭ്യാസത്തെ സംബന്ധിക്കുന്ന ചർച്ചകളിലേക്കും നിർദേശങ്ങളിലേക്കും കടക്കുന്ന നയരേഖ അതിൽ അന്തർലീനമായ നവലിബറൽ താത്പര്യങ്ങൾ ഒളിഞ്ഞും തെളിഞ്ഞും വ്യക്തമാക്കുന്നുണ്ട്. നാം വിവരസമൂഹത്തിലേക്കും വിവര സമ്പദ്‌വ്യവസ്ഥയിലേക്കും മുന്നേറേണ്ടതുണ്ട്, നാലാം വ്യാവസായിക വിപ്ലവം നമ്മുടെ പടിവാതിലിൽ കാത്തുനിൽക്കുന്നു. ലോകം മുഴുവൻ ഇന്ത്യക്കാർക്ക് വേണ്ടിയുള്ള തൊഴിലവസരങ്ങൾ ഒരുക്കിവെച്ച് കാത്തിരിക്കുന്നു. അത് കയ്യടക്കുന്നതിനുവേണ്ടി നാം ഉന്നതവിദ്യാഭ്യാസത്തെ ഉടച്ചുവാർക്കേണ്ടതുണ്ട് എന്നിങ്ങനെ പോകുന്നു നയരേഖയുടെ സ്വപ്നങ്ങൾ! ലോകസമ്പദ്‌വ്യവസ്ഥയുടെ നെടുംതൂണായ തൊഴിൽ വിപണി പിടിച്ചെടുക്കുന്നതിനാണ് ഉന്നതവിദ്യാഭ്യാസം ഊന്നൽ നൽകേണ്ടത് എന്ന് അസന്ദിഗ്ധമായി നയരേഖ പറഞ്ഞുവയ്ക്കുന്നുണ്ട്. ഇത്തരത്തിൽ ഏതൊരു വിദ്യാഭ്യാസനയത്തെയും പോലെ വളരെ ഉദാത്തമായ വിദ്യാഭ്യാസ ലക്ഷ്യങ്ങൾ ദേശീയ വിദ്യാഭ്യാസ നയം മുന്നോട്ടുവെക്കുന്നുണ്ട്.

മൂന്ന് വ്യാവസായികവിപ്ലവം ഉണ്ടായിക്കഴിയുമ്പോഴും ഉള്ളവരും ഇല്ലാത്തവരും തമ്മിലുള്ള അന്തരം പഴയതുപോലെത്തന്നെ നിലനിൽക്കുകയോ അതിലും വഷളാവുകയോ ചെയ്യുമ്പോൾ, വ്യാവസായിക വിപ്ലവങ്ങൾ മനുഷ്യസമൂഹത്തെ ആത്യന്തികമായി പുരോഗമനപരമായ വികസനത്തിലേക്ക് കൊണ്ടു പോകുന്നുണ്ടോ എന്നുള്ളത് ഇത്തരത്തിലുള്ള റിപ്പോർട്ടുകളുടെ സാമാന്യ സ്വാധീനവലയത്തിന് പുറത്തുനിന്നുകൊണ്ട് നാം ആലോചിക്കേണ്ടതുണ്ട്.



സ്വപ്നങ്ങൾ സൗജന്യമായി വിതരണം ചെയ്യുന്ന എല്ലാ നയരേഖകളും കൊണ്ടുചെന്നെത്തിക്കുന്നത് വ്യാവസായിക താത്പര്യങ്ങളുടെ കലവറകളിലേക്കാണ് എന്ന് നാം ഓർക്കേണ്ടതുണ്ട്. ദേശീയ വിദ്യാഭ്യാസനയം നമ്മോട് ആവശ്യപ്പെടുന്നത് ഈ വിരിഞ്ഞുവന്നുകൊണ്ടിരിക്കുന്ന വ്യാവസായിക വിപ്ലവ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിന് ഉന്നതവിദ്യാഭ്യാസം തയ്യാറാകേണ്ടതുണ്ട് എന്നാണ്. ഉദാത്തമായ വിദ്യാഭ്യാസ ലക്ഷ്യങ്ങളെക്കുറിച്ച് ആദ്യത്തെ ഒന്നോ രണ്ടോ ഖണ്ഡികയിൽ പറയുന്നുണ്ട് എങ്കിലും യാഥാർഥ്യത്തോട് അടുക്കുമ്പോൾ ദേശീയ വിദ്യാഭ്യാസനയം ഉന്നതവിദ്യാഭ്യാസത്തെ വ്യാവസായിക മേലാളന്മാരുടെ തൊഴുത്തിൽ കൊണ്ടുകെട്ടുന്ന കാഴ്ചയാണ് കാണാൻ സാധിക്കുന്നത്.

നാലാം വ്യാവസായികവത്കരണത്തെ ഒരു സാധ്യതയായും അതേപോലെ ഒരു ഭീഷണിയായും നയരേഖ ഉയർത്തുന്നുണ്ട്. വിമർശനാത്മക ചിന്ത, ആശയവിനിമയശേഷി, പ്രശ്നപരിഹരണശേഷി, സർഗാത്മകത എന്നിങ്ങനെയുള്ള കഴിവുകളാണ് നാലാം വ്യാവസായിക വിപ്ലവത്തിന് അനന്തരഫലമായി ഉണ്ടാകുന്ന തൊഴിലിടങ്ങളിൽ ആവശ്യമായ ശേഷികളായി നയരേഖ മുന്നോട്ടുവെക്കുന്നത്. വ്യത്യസ്തങ്ങളായ സാങ്കേതികവിദ്യയുടെ സംയോജനത്താൽ ഭൗതികവും ഡിജിറ്റലും ജീവശാസ്ത്രപരവുമായ മേഖലകളിൽ ഉണ്ടാകുന്ന വലിയ കുതിച്ചുചാട്ടമാണ് നാലാം വ്യാവസായിക വിപ്ലവം എന്നതുകൊണ്ട് മനസ്സിലാക്കേണ്ടത്. നാലാം വ്യാവസായികവിപ്ലവം അസമത്വത്തിന് ആക്കം കൂട്ടും എന്ന് പ്രശസ്ത സാമ്പത്തിക വിദഗ്ധരായ എറിക് ബ്രിൻജോൾഫ്സൻ, ആൻഡ്രൂമക്കാഫി എന്നിവർ നൽകുന്ന അപായസൂചന നാം കാണാതെ പോകരുത്. മൂലധനം അടക്കം കൈവശമുള്ള കുത്തകമുതലാളിമാരുടെ ജോലിയിലും ജീവിതരീതിയിലും വലിയ മാറ്റമൊന്നും ഉണ്ടാകാതെ തുടർന്നുപോകുമ്പോൾ മധ്യവർഗവും കീഴ്ത്തട്ടും ഭീതിദമായ തൊഴിൽ പ്രതിസന്ധി നേരിടാനുള്ള സാധ്യതയുണ്ട് എന്ന് സാമ്പത്തിക വിദഗ്ധരും സാമൂഹികശാസ്ത്രജ്ഞരും നാലാം വ്യാവസായികവിപ്ലവത്തെപ്പറ്റി ആശങ്കപ്പെടുന്നുണ്ട്. എന്നാൽ ദേശീയ വിദ്യാഭ്യാസനയരേഖ, പ്രസ്തുത സാഹചര്യങ്ങളോട് സമരസപ്പെടുന്ന,



തൊഴിൽനഷ്ടം വ്യക്തിപരമായ കഴിവിന്റെ ന്യൂനതയായിമാത്രം കാണുന്ന, അതിൽ സാമൂഹികപരമായ യാതൊരു ഉത്തരവാദിത്വവും ദർശിക്കാതിരിക്കുകയും ചെയ്യുന്ന ഒരു ഭാവിസമൂഹത്തെ വാർത്തെടുക്കുന്നതിനുള്ള ഉടമ്പടി ഏറ്റെടുക്കുകയാണ് ചെയ്യുന്നത്.

അതോടൊപ്പം ശ്രദ്ധിക്കേണ്ടത് നാലാം വ്യാവസായിക വിപ്ലവത്തിന്റെ ഫലമായുണ്ടാകുന്ന തൊഴിലിടങ്ങളിൽ നിലനിൽക്കുന്നതിനുവേണ്ട ശേഷികൾ വ്യത്യസ്ത പാഠ്യവിഷയങ്ങളുമായി ബന്ധപ്പെട്ടതാണെന്നാണ് നയരേഖ വിശ്വസിക്കുന്നത് എന്നുള്ളതാണ്(P-207). ഒരു വിഷയത്തിൽ മാത്രം ഊന്നിയ ഉന്നത വിദ്യാഭ്യാസം ബഹുവിഷയങ്ങളിൽ ഊന്നുകയാണ് വേണ്ടതെന്ന് നയരേഖ പറയുന്നു. വിഷയങ്ങളുടെ ഇടുങ്ങിയ ചട്ടക്കൂടുകളിലേക്ക് ചുരുങ്ങുന്ന ഉന്നത വിദ്യാഭ്യാസ സംസ്കാരത്തെ സംബന്ധിച്ചിടത്തോളം ഇത് സ്വാഗതം ചെയ്യപ്പെടേണ്ട നിർദേശം തന്നെയാണ്. എന്നാൽ ബഹുവിഷയങ്ങളിൽ ഊന്നിയാൽ മേൽപ്പറഞ്ഞ കഴിവുകൾ വികസിക്കും എന്നുള്ളതിന് തെളിവുകളൊന്നും തന്നെ നമ്മുടെ മുമ്പിലില്ല. ഏകവിഷയത്തിൽ നിന്ന് ബഹുവിഷയങ്ങളിലേക്ക് മാറിയാൽ സ്വാഭാവികമായി ഉണ്ടാകുന്നതാണ് മേൽപറഞ്ഞ കഴിവുകൾ എന്നു വിശ്വസിക്കുന്നതിന് യാതൊരു അടിസ്ഥാനവുമില്ല. മാത്രവുമല്ല വിഷയങ്ങളുടെ ആധിക്യംകൊണ്ട്, അല്ലെങ്കിൽ ഒരു വിഷയം അധികമായി പഠിക്കുന്നതുകൊണ്ട് മേൽപ്പറഞ്ഞ കഴിവുകൾ വികസിക്കും എന്ന് വിശ്വസിക്കാൻ തരമില്ല. വിഷയങ്ങളുടെ വർധനകൊണ്ട് കൂടാൻ സാധ്യതയുള്ളത് അറിവിന്റെ വർധന മാത്രമാണ്. അത് മേൽപ്പറഞ്ഞ കഴിവുകളുടെ വികസനമായിക്കൊള്ളണം എന്ന് നിർബന്ധമില്ല. ഊന്നലുകൾ ഏക വിഷയത്തിലായാലും ബഹുവിഷയത്തിലായാലും വിദ്യാഭ്യാസ പ്രക്രിയയുടെ സ്വഭാവത്തിനനുസരിച്ചാണ് കഴിവുകൾ നിർണയിക്കപ്പെടുന്നത് എന്ന കാര്യം നയരേഖമറന്നുപോകുന്നു!

കഴിഞ്ഞ ദശകങ്ങളിൽ കണ്ടു വരുന്ന ഒരു പുതിയ ട്രെന്റാണ് സ്പെഷ്യലൈസ് ചെയ്തുകൊണ്ടുള്ള ഏകവിഷയ അടിസ്ഥാനത്തിലുള്ള സർവ്വകലാശാലകൾ. കേരളത്തിൽ തന്നെ ഉണ്ടായിട്ടുള്ള ആരോഗ്യ



സർവ്വകലാശാല, എൻജിനീയറിങ് സർവ്വകലാശാല, മലയാളം സർവ്വകലാശാല എന്നിവ ഉദാഹരണങ്ങളാണ്. തമിഴ്നാട് പോലുള്ള സംസ്ഥാനങ്ങളിൽ ഒരു മാതിരി എല്ലാ വിഷയങ്ങൾക്കും പ്രത്യേകം സർവ്വകലാശാലകൾ നിലവിലുണ്ട്. അധ്യാപക വിദ്യാഭ്യാസത്തിന്, ആരോഗ്യവിദ്യാഭ്യാസത്തിന്, കായിക വിദ്യാഭ്യാസത്തിന് എന്നിങ്ങനെ എല്ലാ പ്രൊഫഷണൽ പഠനമേഖലകൾക്കും ഒരു പ്രത്യേക യൂണിവേഴ്സിറ്റി എന്നുള്ള രീതിയിൽ തമിഴ്നാട് വളരെയേറെ മുന്നോട്ടുപോയിരിക്കുന്നു. ദേശീയവിദ്യാഭ്യാസനയം വരുന്നതോടുകൂടി ഈ സർവ്വകലാശാലകളുടെ ഘടനതന്നെ പൊളിച്ചെഴുതേണ്ടതായിട്ട് വരും. ഇത് വിദ്യാഭ്യാസപരമായി വലിയ മാറ്റമാണ് കേരളത്തിലും ഇന്ത്യയിലൊട്ടാകെയും ഉണ്ടാക്കാൻ പോകുന്നത്. ഒരു സർവ്വകലാശാലയെ ഒരു പ്രത്യേക വിഷയത്തിൽ മാത്രം ചുരുക്കുന്നതിനുള്ള അപകടങ്ങളെക്കുറിച്ച് യശ്പാൽ കമ്മിറ്റിയും പരാമർശിച്ചിട്ടുണ്ട്. ഒരു സർവ്വകലാശാലയിൽ പഠിക്കുന്ന ഒരു വിദ്യാർഥിക്ക് വ്യത്യസ്ത വിഷയങ്ങളിലും, ബൗദ്ധികമേഖലകളിലും വ്യവഹരിക്കുന്നതിനുള്ള അവസരങ്ങൾ ഒരുക്കുക എന്നത് സർവ്വകലാശാലയുടെ അടിസ്ഥാനപരമായ ഉത്തരവാദിത്വമാണ്. ഇത്തരത്തിലുള്ള അവകാശമാണ് സ്പെഷ്യലൈസ്ഡ് സർവ്വകലാശാലകൾ വിദ്യാർഥികൾക്ക് നിഷേധിക്കുന്നത്. പ്രശസ്ത സർവ്വകലാശാലകളായ MIT, ഹാർവാർഡ് തുടങ്ങിയ സർവ്വകലാശാലകളിലടക്കം വ്യത്യസ്ത വിഷയങ്ങളിലുള്ള പഠനവും ഗവേഷണങ്ങളുമാണ് നടക്കുന്നത്. മസാച്യുസൈറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ടെക്നോളജി ഉദാഹരണമായി എടുക്കാം. പേരിൽ ടെക്നോളജിക്ക് വേണ്ടിയുള്ള സ്ഥാപനം എന്ന സൂചന ഉണ്ടെങ്കിൽ പോലും ഈ സ്ഥാപനത്തിലാണ് നമ്മുടെ നൂറ്റാണ്ട് കണ്ട ഏറ്റവും പ്രഗല്ഭനായ ഭാഷാവിദഗ്ധനും തത്ത്വചിന്തകനുമായ നോം ചോംസ്കി ജോലി ചെയ്യുന്നത്. വിഷയങ്ങളിലേക്ക് ന്യൂനീകരിച്ച് സർവ്വകലാശാലയുടെ അടിസ്ഥാന സ്വഭാവത്തിൽ നിന്ന് വ്യതിചലിപ്പിക്കുന്ന ഏകവിഷയ സർവ്വകലാശാലകളെ ഉടച്ചുവാർക്കണമെന്നുള്ള ദേശീയ വിദ്യാഭ്യാസനയത്തിന്റെ നിർദ്ദേശം ബൗദ്ധികതലത്തിലും അക്കാദമിക് തലത്തിലും പുരോഗമനപരമായ മാറ്റങ്ങൾ ഉണ്ടാക്കാൻ സാധ്യതയുള്ള ഒന്നാണ്. എന്നാൽ ദേശീയ വിദ്യാഭ്യാസ



നയത്തിൽ ഒളിഞ്ഞിരിക്കുന്ന സാമ്പ്രദായികവത്കരണവും മാമൂലുകളും പുറത്തേക്ക് വരുന്നത് ബഹുവിഷയ സർവ്വകലാശാലകൾ 'എന്തിനു വേണ്ടിയാണ്?' എന്ന ചോദ്യത്തിൽ നിന്നാണ്. നാലാം വ്യാവസായിക വിപ്ലവത്തിനുവേണ്ട തൊഴിലാളികളെ അടവെച്ചുവിരിയിക്കുക എന്ന ഉത്തരവാദിത്വമാണ് ഇത്തരത്തിലുള്ള ബഹുവിഷയ സർവ്വകലാശാലകൾ ഏറ്റെടുക്കേണ്ടത് എന്നാണ് നയരേഖ ആവശ്യപ്പെടുന്നത്.

ബൗദ്ധികമായ പ്രവർത്തനങ്ങളിലൂടെ സ്വന്തം മേഖലകൾ തിരഞ്ഞെടുക്കുകയും, വിമർശനാത്മകവും സർഗാത്മകവുമായ രീതിയിൽ സ്വന്തം വഴിവെട്ടി മുന്നേറുന്ന വ്യക്തികളെ വളർത്തിയെടുക്കുക എന്നുള്ള വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന ലക്ഷ്യം നാലാം വ്യവസായ വിപ്ലവലോകത്തിലെ സാങ്കേതികമുതലാളിമാർക്ക് തൊഴിലാളികളെ എത്തിച്ചുകൊടുക്കുക എന്നുള്ള ഉദ്യമത്തിൽ എത്ര സൂക്ഷ്മമായി പരിശോധിച്ചാലും കാണാൻ സാധിക്കുകയില്ല.

ലിബറൽ വിദ്യാഭ്യാസത്തിന് നയരേഖ നൽകുന്ന പ്രാധാന്യം വളരെ പ്രോത്സാഹനാർഹമാണ്. ഇതുമായി ബന്ധപ്പെട്ട് പ്രാചീനമായ ഭാരതീയ വിദ്യാഭ്യാസസമ്പ്രദായത്തിൽ നിലനിന്നിരുന്ന 64 കലകൾ ഓരോ വിദ്യാർഥിയും നേടേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് റിപ്പോർട്ട് ഊന്നിപ്പറയുന്നു. ശാസ്ത്രം ആർട്സ് വിഷയങ്ങളുടെ മുകളിൽ തൊഴിൽ വിപണിയുടെ പിന്തുണയോടുകൂടി നേടിയ മേൽക്കോയ്മ നമ്മുടെ മനുഷ്യരാശി കണ്ട നൂറ്റാണ്ടിലെ വലിയ അപകടങ്ങളിൽ ഒന്നായിരുന്നു. ശാസ്ത്രം മോശമായത് കൊണ്ടല്ല മറിച്ച്, മാനവിക വിഷയങ്ങളും മറ്റും തൃണവത്ഗണിക്കപ്പെടുന്ന അവസ്ഥയ്ക്ക് ഇത് കാരണമായി എന്നതുകൊണ്ടാണ് അപകടം എന്ന വാക്കുപയോഗിച്ചത്.

ശാസ്ത്രം മാത്രമാണ് മഹത്തരമായ അറിവ് എന്നുള്ള ബോധം സമൂഹത്തിൽ വ്യാപകമാവുന്നത് ശാസ്ത്രബോധമുള്ള ആൾക്കാരെ കൂടുതൽ തൊഴിൽ വിപണിക്ക് ആവശ്യമായതുകൊണ്ടാണ്. എന്നാൽ ഇതേ തൊഴിൽ വിപണിതന്നെ യാന്ത്രികമായി തൊഴിലിലേക്ക് ചുരുങ്ങിക്കൂടിയ തൊഴിലാളിവർഗത്തിന്റെ മാനസികമായ സംഘർഷങ്ങൾ തങ്ങളുടെ



ഉത്പാദനവ്യവസ്ഥയ്ക്ക് ആഘാതമാവുന്നുവെന്ന് കണ്ടപ്പോൾ കലകളെ അകമഴിഞ്ഞ് പ്രോത്സാഹിപ്പിക്കുന്നതും നാം കാണുന്നുണ്ട്. വ്യാവസായിക സമൂഹത്തിൽ കലകളും മറ്റും ഉപയോഗിക്കുന്നത് ഒരു വലിയ അളവുവരെ ജോലിയിലുള്ള മുഷിപ്പകറ്റുന്നതിനും അതോടൊപ്പം വിശ്രമവേളകളിൽ തൊഴിലാളികളുടെ ബൗദ്ധികതയെ ഒരു സാംസ്കാരിക വിപണിയുടെ സഹായത്തോടുകൂടി തളച്ചിടുന്നതിനും വേണ്ടിയാണ് എന്ന് അഡോണോ ഓർമ്മപ്പെടുത്തുന്നുണ്ട്. അതുകൊണ്ടാണ് വലിയ ഷോപ്പിംങ്മാളുകളിൽ ചെല്ലുമ്പോൾ വിവിധ കലകളിൽ പങ്കെടുപ്പിച്ചുകൊണ്ടും കളികളും മറ്റും ഒരുക്കിക്കൊണ്ടും നമ്മെ സ്വീകരിക്കുന്നതിനായി മാളുകളുടെ സുപ്രധാനമായ സ്ഥലത്തുതന്നെ അവസരങ്ങൾ ഒരുക്കുന്നത്. ഇത്തരത്തിൽ കലയെ ഉപയോഗിച്ച് ഒരു സമൂഹത്തെത്തന്നെ മറവിയിലേക്കു തള്ളിവിടാം എന്ന് ആദ്യമായി തിരിച്ചറിഞ്ഞത് വ്യാവസായിക ലോകമാണ്. ശാസ്ത്രവിഷയങ്ങൾ, മാനവിക വിഷയങ്ങൾ, സാമൂഹ്യശാസ്ത്രം എന്നിവയെ കോർത്തിണക്കിക്കൊണ്ടുള്ള ലിബറൽ ആർട്സ് പോലുള്ള സങ്കല്പങ്ങളെക്കുറിച്ച് വളരെ ഉദാത്തമായ കാഴ്ചപ്പാടുകൾ മുന്നോട്ടു വയ്ക്കുന്ന ദേശീയ വിദ്യാഭ്യാസനയം അത് അങ്ങനെ മുന്നോട്ടുവയ്ക്കുന്നത് ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ നമ്മുടെ മുൻപിൽ വിരിഞ്ഞു വന്നുകൊണ്ടിരിക്കുന്ന വ്യാവസായികലോകത്തിന് ഉത്പാദനക്ഷമത കൂട്ടുന്നതിന് ആവശ്യമായ വിനോദങ്ങളിൽ താത്പര്യമുള്ളവരും അവയെ ജോലിയുടെ ഇടവേളകളിൽ ആസ്വദിക്കുന്നതുമായ ഒരു പുതിയ തൊഴിലാളിവർഗ സമൂഹത്തെ നിർമ്മിക്കുക എന്നുള്ള ഇടുങ്ങിയ ചിന്തയുടെ പരിണതിയാണ്. ഇതിനെക്കുറിച്ച് ദേശീയ വിദ്യാഭ്യാസ നയരേഖ പറയുന്നത് ശ്രദ്ധിക്കുക : The needs of the 21st century require that liberal broad-based multidisciplinary education become the basis for all higher education....... The notion of knowledge of many arts-i.e.what is called ‘liberal arts’ in modern times- must be brought back to Indian education, as it is exactly the kind of education that will be required for the 21st century’ (P207,208)



സാങ്കേതികവിദ്യ ഉണ്ടാക്കുന്ന വളർച്ചയുടെ ഫലമായി ത്വരിതഗതിയിൽ മാറിക്കൊണ്ടിരിക്കുന്ന ഒരു വ്യവസായ ലോകത്ത് ഒരുപക്ഷേ, ഒരു വിദ്യാർഥിക്ക് കേവലമായ ഒരു കഴിവുകൊണ്ട് മാത്രം ജീവിതകാലം മുഴുവൻ മുന്നോട്ടുപോകാൻ സാധിച്ചു എന്ന് വരില്ല. അതുകൊണ്ടുതന്നെ വ്യത്യസ്തമായിട്ടുള്ള കഴിവുകൾ ആർജിക്കുകയും ആവശ്യമുള്ളപ്പോൾ മറ്റൊരു തൊഴിലിലേക്ക് വലിയ തടസ്സങ്ങളില്ലാതെ ചേക്കേറാൻ സാധിക്കുകയും ചെയ്യുന്ന ഒരു വിദ്യാർത്ഥി സമൂഹം മാറുന്ന വ്യാവസായിക ലോകത്തിന് നല്ല മുതൽക്കൂട്ടാണ്. ലിബറൽ വിഷയങ്ങൾ ഒരു പുരോഗമനപരമായ ആശയമായി മുന്നോട്ട് വയ്ക്കുമ്പോൾ പോലും അതിനുള്ള പ്രചോദനമായി മാറുന്നത് തൊഴിലാളികളെ മാടി വിളിക്കുന്ന നവലിബറൽ വ്യാവസായിക ഉത്പാദനശാലകളുടെ മടിക്കുത്തിലെ കനം മൂലമാണ് എന്നുള്ളത് റിപ്പോർട്ട് മുന്നോട്ടുവെച്ച പുരോഗമനപരമായ ആശയത്തിന് മുകളിൽ കരിനിഴൽ പരത്തുന്നതാണ്.

അധ്യാപനത്തിലും ഗവേഷണത്തിലുമുള്ള മത്സരാത്മകത പരിഗണിച്ച് സ്ഥാപനങ്ങൾക്ക് പ്രത്യേക ഇൻസെന്റീവുകൾ നൽകി പ്രോത്സാഹിപ്പിക്കേണ്ടതിനെക്കുറിച്ച് നയരേഖ 208-ാമത്തെ പേജിൽ പറയുന്നുണ്ട്. Incentives will be created, allowing colleges and universities to attain new heights of excellence across fields, and across teaching, reserarch, and service (P 208). മത്സരാത്മകതയിൽ ഊന്നിയ പ്രോത്സാഹനങ്ങൾ സമൂഹത്തിൽ നിലനിൽക്കുന്ന അസമത്വത്തെ സാമാന്യയുക്തിയായി അംഗീകരിക്കുന്നതിന് തുല്യമാണ്. ഇത്തരത്തിൽ പുറംതള്ളപ്പെടുന്നത് സാംസ്കാരിക മൂലധനത്തിന്റെ കാര്യത്തിൽ പ്രബലസ്ഥാപനങ്ങളുമായി മത്സരിക്കാൻ കഴിവില്ലാത്തതും സാമൂഹികമായി പിന്നാക്കം നിൽക്കുന്നവരെ പ്രതിനിധാനം ചെയ്യുന്നതുമായ സ്ഥാപനങ്ങളായിരിക്കും. സാംസ്കാരിക മൂലധനം കൈയാളുന്ന വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് പരസ്പരം മത്സരിക്കുവാനും അതോടൊപ്പം അതിന്റെ ഫലമായി രൂപപ്പെടുന്ന ഒരു സ്ഥാപനശ്രേണിയുടെ രൂപവത്കരണത്തിനും അങ്ങനെ ഒരു അധികാരഘടനയുടെ രൂപവത്കരണത്തിനും ഇത് കാരണമാകും.



മത്സരാത്മക വ്യക്തിത്വം എന്ന ആശയത്തെ പരിപോഷിപ്പിക്കുന്നതിനു വേണ്ടിയും ദേശീയ വിദ്യാഭ്യാസനയം ചില പുതിയ സ്ഥാപനങ്ങളെ നിർദ്ദേശിക്കുന്നുണ്ട്. ഇതിനുള്ള ഏറ്റവും നല്ല ഉദാഹരണമാണ് നാഷണൽ റിസർച്ച് ഫൗണ്ടേഷൻ. നാഷണൽ റിസർച്ച് ഫൗണ്ടേഷനെക്കുറിച്ച് നയരേഖ പറയുന്ന ആദ്യത്തെ വാചകം ഇപ്രകാരമാണ്. ‘A National Research Foundation (NRF) will be established to grant competitive funding for outstanding research proposals across all disciplines, as determined by peer review and success of proposals’ (P209) ഇതു കൂടാതെ തന്നെ റിസർച്ച് ഫൗണ്ടേഷൻ സാമ്പത്തിക സഹായത്തോടു കൂടി ചെയ്ത ഗവേഷണങ്ങളിൽ ഏറ്റവും മികച്ചത് എന്ന് തിരഞ്ഞെടുക്കപ്പെടുന്ന ഗവേഷണങ്ങൾക്ക് പുരസ്കാരങ്ങളും അവാർഡുകളും മറ്റും നൽകുന്നതിനെക്കുറിച്ചും ഇതിനോടനുബന്ധമായി പറയുന്നുണ്ട്. ഇതിൽ നിന്ന് മനസ്സിലാകുന്നത്, ദേശീയ വിദ്യാഭ്യാസനയം ഗവേഷണം എന്ന ആശയത്തെ സങ്കൽപ്പനം ചെയ്യുന്നത് ഒരു മത്സരപ്രവൃത്തി എന്ന രീതിയിൽ ആണെന്നുള്ളതാണ്. ഇതുവഴി നവലിബറൽ ആശയങ്ങളുടെ പതാകവാഹകരായ മാർഗരറ്റ് താച്ചറിനെ പോലെയുള്ളവർ മുന്നോട്ടുവെച്ച ‘മത്സരാത്മക വ്യക്തിത്വം’ എന്ന ആശയത്തിലേക്ക് നയരേഖ നമ്മെ കൂട്ടിക്കൊണ്ടുപോകുന്നു. നവലിബറൽ സമ്പ്രദായത്തിൽ ഏറ്റവും സുപ്രധാനമായിട്ടുള്ള ആശയങ്ങളിൽ ഒന്നാണ് മത്സരാത്മകവ്യക്തിത്വം. സമാനമായ മേഖലകളിൽ ജോലിചെയ്യുന്ന വ്യക്തികളുടെ പ്രവർത്തനങ്ങളെ മുൻകൂട്ടി കാണാൻ ശ്രമിക്കുകയും അതുവഴി തന്റെ പ്രവർത്തന പദ്ധതികൾ രൂപപ്പെടുത്തുകയും ചെയ്തുകൊണ്ട് മത്സരാത്മകമായ രീതിയിലേക്ക് മാറുന്ന ആധുനിക മനുഷ്യരെപ്പറ്റി മിഷേൽ ഫുക്കോ ‘ഗവൺമെന്റാലിറ്റി’ എന്ന ആശയത്തിലൂടെ പ്രതിപാദിക്കുന്നുണ്ട്. ഇത് ഓരോ വ്യക്തിയെയും നിലനിൽക്കുന്ന ട്രെൻഡുകൾക്കനുസരിച്ച് മത്സരാത്മകമായി പ്രവർത്തിക്കുകയും, മുന്നേറ്റത്തിനും കീഴ്പ്പെടുത്തലിനും വേണ്ടി തന്ത്രങ്ങൾ മെനയുകയും ചെയ്യുന്നവരാക്കിമാറ്റുകയും ചെയ്യുന്നു. വിദ്യാഭ്യാസസ്ഥാപനങ്ങളിലേക്ക് കടന്നുവരുന്ന മത്സരാത്മക വ്യക്തിത്വത്തിന്റെ സ്വാധീനം വഴി അധ്യാപകർ സഹപ്രവർത്തകരെ



എതിരാളികളായി സ്വയം പ്രതിഷ്ഠിക്കുകയും ഗവേഷണ പ്രോജക്ടുകളും മറ്റും നേടിയെടുക്കുന്ന കാര്യത്തിൽ പരസ്പരം മത്സരിക്കുന്ന അവസ്ഥ സൃഷ്ടിക്കുകയും ചെയ്യും എന്ന കാര്യത്തിൽ സംശയമില്ല. ഇത് വലിയൊരളവുവരെ അധ്യാപക ഡാർവിനീയനിസത്തിന് തുടക്കം കുറിക്കും. ഒരു ഉന്നത വിദ്യാഭ്യാസ സ്ഥാപനത്തിൽ ഗവേഷണഫണ്ടിനുവേണ്ടി മത്സരാത്മകമായി പ്രവർത്തിക്കുന്ന അധ്യാപകൻ സ്ഥാപനത്തെയും സാമൂഹികതാത്പര്യങ്ങളുടെയും മുകളിൽ വ്യക്തിതാത്പര്യമായ ഗവേഷണഫണ്ടിങ്ങിനുവേണ്ടി പരമാവധി മുതൽകൂട്ടുക എന്ന പ്രവർത്തിയിലേക്ക് ചുരുങ്ങുകയും അതുവഴി ഫണ്ട് അട്രാക്ഷന്റെയും ഫണ്ട് മാനേജ്മെന്റിന്റെയും തന്ത്രങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്ന അവസ്ഥ സംജാതമാകുന്നു. ഇതുവഴി ഗവേഷണം ക്രിയാത്മക പ്രവർത്തനം എന്ന നിലയിൽ നിന്ന് ഒരു മത്സരാത്മക പ്രവർത്തനം എന്ന നിലയിലേക്ക് ചുരുങ്ങിപ്പോകാൻ ഇടയുണ്ട്. ഇത്തരത്തിൽ ഒരേ കോളേജിലും ഡിപ്പാർട്ടുമെന്റിലും മറ്റും പരസ്പരം അടുത്തിരിക്കുമ്പോഴും നക്ഷത്രദൂരം അകലം പാലിക്കുകയും നിഗൂഢമായി മത്സരിക്കുകയും ചെയ്യുന്നവരുടെ ഒരു കൂട്ടമായി ഉന്നതവിദ്യാഭ്യാസ സ്ഥാപനത്തിൽ ജോലി ചെയ്യുന്നവർ മാറിപ്പോകാൻ ഇടയുണ്ട്.

മത്സരാത്മകതയെ സാമാന്യയുക്തിയായി അംഗീകരിക്കുന്ന, മത്സരാത്മകത പ്രദർശിപ്പിക്കാത്ത ഗവേഷകരും അവരുടെ ഗവേഷണ താല്പര്യങ്ങളും ഉപയോഗശൂന്യമാണെന്ന് സ്വയം വിശ്വസിക്കുന്ന, സ്റ്റേറ്റിന് മേലുള്ള പ്രതീക്ഷകളെ പരിമിതപ്പെടുത്തിയ ഒരു ഭാവി അധ്യാപകസമൂഹം ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ രൂപപ്പെട്ടുവരുന്നതിനുള്ള ഏറ്റവും സുപ്രധാനമായ നവലിബറൽ ഉപകരണമാണ് നാഷണൽ റിസർച്ച് ഫൗണ്ടേഷൻ മുന്നോട്ടുവയ്ക്കുന്ന മത്സരാത്മകതയിൽ ഊന്നിയുള്ള ഗവേഷണം.

**ആന്തരിക വൈരുധ്യങ്ങൾ**

ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങൾക്കും അധ്യാപകർക്കും കൂടുതൽ സ്വയംഭരണാധികാരം നൽകേണ്ട ആവശ്യകതയെക്കുറിച്ച് നയരേഖ



വ്യക്തമായി പറയുന്നുണ്ട്(P208). പുരോഗമനപരവും കാലഘട്ടം ആവശ്യപ്പെടുന്നതുമായ നിലപാടാണിത്. എന്നാൽ നയരേഖ അധ്യാപകരുടെ സ്വയംഭരണാവകാശങ്ങളുടെ ആവശ്യകതയെക്കുറിച്ച് പൂർണമായും നിശ്ശബ്ദമാകുകയും സ്ഥാപനങ്ങളുടെ സ്വയംഭരണാവകാശത്തെക്കുറിച്ച് വാചാലമാകുകയും ചെയ്യുന്നു. സ്ഥാപനങ്ങൾ സ്വയംഭരണാവകാശം ആസ്വദിക്കുമ്പോൾ തന്നെ അധ്യാപകരുടെ സ്വയം ഭരണാവകാശങ്ങൾ കൂടുതൽ പ്രതിസന്ധികളിലേക്കും അവകാശനിഷേധങ്ങളിലേക്കും നയിക്കപ്പെടുന്നതിനുള്ള സാധ്യത ചില പ്രത്യേകസാഹചര്യങ്ങളിലെങ്കിലും ഉണ്ടാവാൻ സാധ്യതയുണ്ട്. പൊതുസ്വകാര്യ ഭേദമില്ലാതെ ഇത്തരത്തിൽ അധ്യാപകരുടെ അധികാരങ്ങളുടെയും അവകാശങ്ങളുടെയും മേലുള്ള കടന്നുകയറ്റങ്ങൾ പലതും പുറത്തുവരാത്തത് സർവ്വീസ് നിയമങ്ങൾ, വ്യക്തിപരമായ മാനഹാനി എന്നിങ്ങനെയുള്ള ബാഹ്യവും ആന്തരികവുമായ മൃദുദണ്ഡനഭീതികൾ കൊണ്ടുമാണ്. ഇതിൽനിന്നു വ്യക്തമാകുന്നത്, നയരേഖയുടെ ഊന്നൽ അധ്യാപകരുടെ സ്വതന്ത്രവും സ്വയം ഭരണാത്മകവുമായ പ്രവർത്തനങ്ങൾക്കല്ല മറിച്ച് സ്ഥാപനങ്ങളുടെ സ്വയം ഭരണാവകാശങ്ങൾക്കുവേണ്ടിയാണ് എന്നുള്ളതാണ്. സ്ഥാപനങ്ങളുടെ സ്വയംഭരണാവകാശത്തെക്കുറിച്ച് വിശദീകരിക്കുന്ന ഭാഗത്ത് നിലനിൽക്കുന്ന ഒരു ആന്തരിക വൈരുധ്യത്തെ നാം കാണാതെ പോകരുത്. സ്വയംഭരണത്തിനുവേണ്ടി സ്ഥാപനങ്ങൾക്ക് സാമ്പത്തികസഹായം നൽകേണ്ടതുണ്ട് എന്നു പറയുന്ന നയരേഖ, കാലക്രമത്തിൽ സാമ്പത്തികമായ ഭദ്രത നേടിക്കഴിയുമ്പോൾ സ്ഥാപനങ്ങൾക്ക് കൂടുതൽ സ്വയംഭരണാവകാശം നൽകേണ്ടതുണ്ട് എന്നും ശുപാർശ ചെയ്യുന്നു. അതായത് ആദ്യവരികളിൽ ഉണ്ട് എന്നു പറയുന്ന സ്വയം ഭരണാവകാശം സാമ്പത്തിക സഹായത്തോടു കൂടിയുള്ളതാകുമ്പോൾ പൂർണ സ്വയം ഭരണാവകാശം അല്ല എന്നുള്ള വ്യക്തമായ സൂചന നയരേഖ മുന്നോട്ടു വെക്കുന്നു.

സാമ്പത്തികഭദ്രത നേടിക്കഴിയുമ്പോൾ സ്വയംഭരണത്തിന്റെ അളവ് കൂട്ടിക്കൊടുക്കേണ്ടതുണ്ട് എന്ന് നിർദ്ദേശിക്കുകവഴി സാമ്പത്തികസഹായവും സ്വയം ഭരണാവകാശവും വിപരീതദ്വന്ദങ്ങളാണ് എന്ന സൂചനയാണ്



നൽകുന്നത്. സാമ്പത്തിക സ്വയംഭരണാവകാശം ഗവൺമെന്റുകൾ നൽകുന്ന സാമ്പത്തിക സഹായത്തിനെ റദ്ദാക്കൽ അല്ല. മറിച്ച് വിദ്യാഭ്യാസ നേട്ടത്തിനുവേണ്ടി ഏറ്റവും ഉത്തമമായ രീതിയിൽ പണം ചെലവാക്കുന്നതിനുള്ളസ്ഥാപനത്തിന്റെ അവകാശമാണ് എന്ന് നയരേഖ പറയുമ്പോൾ വിദ്യാഭ്യാസപരമായ സ്വയംഭരണത്തിന് ഏറ്റവും അനിവാര്യമായ ഘടകം സാമ്പത്തികമായ സ്വയംഭരണാവകാശമാണ് എന്ന നിലയിലേക്ക് ചുരുങ്ങിപ്പോകുന്നു. ഒരു ഉന്നതവിദ്യാഭ്യാസസ്ഥാപനം പൂർണമായി സ്വയംഭരണസ്ഥാപനം ആവുക എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് അക്കാദമികവും സാമ്പത്തികവുമായ കാര്യങ്ങളിൽ സ്വയം തീരുമാനങ്ങൾ എടുക്കാനുള്ള അവയുടെ സ്വാതന്ത്ര്യവും അതിനുള്ള ശേഷിയുമാണ്. എന്നാൽ സാമ്പത്തികസ്വയംഭരണത്തിന്റെ ഉപഗ്രഹമായാണ് ദേശീയവിദ്യാഭ്യാസനയം അക്കാദമിക സ്വയംഭരണത്തെ കാണുന്നത്. സ്വയംഭരണം എന്ന പുരോഗമനാശയത്തെ പുറകോട്ടടിക്കുന്ന രീതിയിലാണ് അതിനെ ന്യൂനീകരിച്ച് സാമ്പത്തിക സ്വയംഭരണത്തെ പ്രതിഷ്ഠിക്കുന്നത്.

**ക്ലീഷേകൾ**

പാഠ്യപദ്ധതി, ബോധനരീതി ശാസ്ത്രം, മൂല്യനിർണയം, വിദ്യാർഥികളെ സഹായിക്കുന്നതിനുള്ള മാർഗങ്ങൾ എന്നിവയെ സംബന്ധിച്ച നയരേഖയുടെ ദർശനങ്ങൾ സ്ഥിരം ക്ലീഷേകളിലേക്ക് വീഴുന്നതാണ് കാണാൻ സാധിക്കുന്നത്. കാണാതെ പഠിക്കുന്ന സംസ്കാരത്തെ പരിപോഷിപ്പിക്കുന്ന പാഠ്യപദ്ധതി, ബോധനരീതി, മൂല്യനിർണയം എന്നിവ സമൂലമായ പരിവർത്തനത്തിന് വിധേയമാക്കി നൂതനമായ രീതിയിലേക്ക് മാറ്റേണ്ടതുണ്ട് എന്ന് നയരേഖ പറയുന്നു. ഇത് എങ്ങനെയായിരിക്കണം എന്നതിനെക്കുറിച്ച് ഒരു വ്യക്തമായ ദർശനം രേഖ മുന്നോട്ടുവയ്ക്കുന്നില്ല. വിദൂരവിദ്യാഭ്യാസ മേഖലയിലൂടെയും ശക്തമായ അക്കാദമിക, സാമ്പത്തിക, സാമൂഹിക, മനശ്ശാസ്ത്രപരമായ സഹായത്തോടു കൂടിയും സാമൂഹികപരമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് ഉതകുന്നരീതിയിൽ ഉന്നതവിദ്യാഭ്യാസത്തെ മാറ്റേണ്ടതുണ്ട് എന്നും മറ്റുമുള്ള സ്ഥിരം ക്ലീഷേകൾ ഉപയോഗിച്ചുകൊണ്ട് വലിയ ആഴത്തിലുള്ള നിർദേശങ്ങൾ ഒന്നും തന്നെ ഇല്ലാതെ നയരേഖ പ്രസ്തുത



ഭാഗങ്ങൾ അവസാനിപ്പിക്കുകയാണ് ചെയ്യുന്നത്. അധ്യാപക നിയമനങ്ങളെക്കുറിച്ചും സ്ഥാപനമേധാവികളെ രൂപപ്പെടുത്തിയെടുക്കുന്നതിനെ സംബന്ധിച്ചും ഇത്തരത്തിലുള്ള സ്ഥിരം വാചക കസർത്തുകളിലധികം നയരേഖ കാര്യമായിട്ടൊന്നും സംസാരിക്കുന്നില്ല.

അക്കാദമിക സ്വയംഭരണം, അരികുവത്കരിക്കപ്പെട്ടവരോടുള്ള കരുതൽ എന്നിങ്ങനെ വളരെ പുരോഗമനപരമായ പല നിർദ്ദേശങ്ങളും ദേശീയനയരേഖയുടെ കരടുരൂപം മുന്നോട്ടുവയ്ക്കുന്നുണ്ട്. എന്നാൽ ഇത്തരത്തിലുള്ള പുരോഗമനപരമായ നിർദ്ദേശങ്ങളെ റദ്ദു ചെയ്തേക്കാവുന്ന രീതിയിൽ നവലിബറൽ സ്വാധീനങ്ങളിലൂന്നിയ പുതുവിദ്യാഭ്യാസ നിർവ്വാഹകത്വം (New Edicational Managerialism), മത്സരാത്മക വ്യക്തിത്വം എന്നിങ്ങനെ മാമൂലുകളുടെയും സാമ്പ്രദായികത്വത്തിന്റെയും ചാലകമായി വിദ്യാഭ്യാസനയരേഖ മാറുന്നുണ്ട്.

**മാതൃഭൂമി ആഴ്ചപ്പതിപ്പ്,**
**14–20 ജൂലൈ 2019.**



## സൈബർ ലോകത്തിന്റെ കാണാപ്പുറങ്ങൾ

**ഡോ. ഗംഗ റ്റി.**

അതിരുകളില്ലാത്ത ആകാശം പോലെ വിശാലമാണ് സൈബർലോകം. ഇവയുടെ പ്രവർത്തനങ്ങൾ കണ്ണിമ ചിമ്മാതെയിരുന്നാൽ മാത്രമേ നമുക്ക് മനസ്സിലാക്കാൻ കഴിയൂ. പക്ഷേ, പലപ്പോഴും നാം പരാജയപ്പെടാറുണ്ട്. ഭൗതികലോകത്ത് നമുക്ക് ഉണ്ടാകുന്ന വികാരങ്ങളായ ഭയം, സംശയം, അവിശ്വാസം എന്നിവയൊക്കെ സൈബർലോകത്ത് താരതമ്യേന കുറവായിരിക്കും. അജ്ഞാതരായ ആളുകളോട് ഇടപഴകാനും സ്വകാര്യമായി സൂക്ഷിക്കുന്ന രഹസ്യങ്ങൾക്കുപോലും പങ്കുവയ്ക്കുവാനും പലപ്പോഴും നമ്മൾ തയ്യാറാകും. സൈബർലോകത്ത് വിഹരിക്കുമ്പോൾ നമ്മുടെ മസ്തിഷ്കം മിക്കപ്പോഴും ചതിക്കപ്പെടുന്നു. യാഥാർത്ഥ്യവും മിഥ്യവും തിരിച്ചറിയാൻ കഴിയാതെ വരും. അപ്‌ലോഡ് ചെയ്യപ്പെടുന്ന വിവരങ്ങൾ സീമകൾ ലംഘിച്ച് തൊടുത്തുവിട്ട ശരംപോലെ തിരിച്ചെടുക്കാനാകാത്ത വിധം ശേഖരിക്കപ്പെടും. ഇന്റർനെറ്റിൽ ലഭ്യമായ വിവിധതരം സൈറ്റുകൾ, വെബുകൾ, ഫെയ്സ്ബുക്ക്, ടി്വറ്റർ അങ്ങനെ എണ്ണിയാൽ ഒടുങ്ങാത്ത മാധ്യമങ്ങൾ നമുക്ക് ചുറ്റും വലവിരിക്കുന്നു. വെള്ളം വായു, ഭക്ഷണം, വസ്ത്രം എന്നതുപോലെ ഇന്റർനെറ്റും ഇന്ന് അടിസ്ഥാന ആവശ്യമായി മാറിക്കഴിഞ്ഞു. വിവരങ്ങൾ(data) കടൽ പോലെ നമ്മുടെ കൈവിരൽ തുമ്പിൽ എത്തുകയാണ്.

ഇന്റർനെറ്റിന്റെയും സമൂഹമാധ്യമങ്ങളുടെയും തുടർച്ചയായുള്ള ഉപയോഗം നമ്മുടെ കുട്ടികളെ വളരെയധികം ബാധിക്കുന്നുണ്ട്. നാളത്തെ പൗരന്മാരായ കുട്ടികളെ ഇവ സ്വാധീനിക്കുന്നത് അൽപ്പമൊരു ആശങ്കയോടെ മാത്രമേ കാണാനാകൂ. കുട്ടികളെയും മുതിർന്നവരെയും ഇവ എങ്ങനെയൊക്കെ ബാധിക്കുന്നുവെന്ന് നോക്കാം. തുടർച്ചയായുള്ള ഉപയോഗം മൂലം കുട്ടികളിൽ ഉണ്ടാകുന്ന സാമൂഹികമായ അരക്ഷിതാവസ്ഥയാണ് ഒറ്റപ്പെടൽ. ഇന്റർനെറ്റിൽ ചെലവിടുന്ന സമയത്തിന് സമയപരിധി നിശ്ചയിക്കാൻ കഴിയാതെ മുഴുവൻ സമയവും മൊബൈൽ ഫോൺ, ഇന്റർനെറ്റ് മറ്റ് സമൂഹമാധ്യമങ്ങൾ എന്നിവ ഉപയോഗിക്കുന്ന അവസ്ഥയാണ്



സാങ്കേതികവിദ്യയോടുള്ള അഡിക്ഷൻ (Addiction) എന്നു പറയുന്നത്. സുഖം നൽകുന്ന ഏതൊരു പ്രവർത്തിയും അഡിക്ഷൻ എന്ന അവസ്ഥയിലേക്കു നയിക്കാം. തലച്ചോറിലെ ഡോപ്പമിൻ (Dopamine) എന്ന രാസവസ്തുവിന്റെ അളവ് ഇത്തരക്കാരിൽ കൂടുതലായി കാണാം.

സാങ്കേതികവിദ്യയോടുള്ള അഡിക്ഷൻ മൂലം കളിക്കാനും പഠിക്കാനും, ഭക്ഷണം കഴിക്കാനും, സംസാരിക്കാനും ഇത്തരക്കാർ വിമുഖത കാട്ടുന്നു. ഇതുമൂലം ഉണ്ടാകുന്ന അവസ്ഥയാണ് ഇന്റർനെറ്റ് അഡിക്ഷൻ ഡിസോർഡർ (IAD). ചെറുപ്പക്കാരെ കൂടുതലായി ബാധിക്കുന്ന ഈ അവസ്ഥയെ ഇന്റർനെറ്റ് യൂസ് ഡിസോർഡർ (IUD) എന്നും പ്രശ്നാധിഷ്ഠിത ഇന്റർനെറ്റ് ഉപയോഗമെന്നും വിളിക്കാറുണ്ട്. ഇന്റർനെറ്റ് കൃത്യമായി ഉപയോഗപ്പെടുത്താൻ അറിയാത്തതു മൂലമാണ് ഇത് സംഭവിക്കുന്നത്.

ഇന്ന് കുട്ടികളെയും മുതിർന്നവരെയും ഒരേപോലെ ആകർഷിക്കുന്നവയാണ് ഓൺലൈൻ ഗെയിമുകൾ, വിവിധതരത്തിലുള്ള ഓൺലൈൻ ഗെയിമുകൾ ഇന്ന് ഇന്റർനെറ്റിൽ ലഭ്യമാണ്. നമ്മുടെ ബുദ്ധിയേയും മാനസികാവസ്ഥയേയും വരെ വെല്ലുവിളിക്കുന്ന രീതിയിൽ വികാസം പ്രാപിച്ചവയാണ് ഈ വിനോദങ്ങൾ. 'ബ്ലൂവെയിൽ'(Bluewhale) എന്ന ഓൺലൈൻ ഗെയിം ഇതിന് ഉദാഹരണമാണ്. കേരളത്തിൽ തിരുവനന്തപുരത്തും കണ്ണൂരും 2017 ജൂലൈ മാസത്തിൽ രണ്ട് മരണങ്ങൾ റിപ്പോർട്ട് ചെയ്തത് ബ്ലൂവെയിൽ ഗെയിം കളിച്ചതിന്റെ ഫലമെന്ന് കരുതുന്നു. ഇതേത്തുടർന്ന് ബ്ലൂവെയിൽ പോലുള്ള സോഷ്യൽ ഗെയിമുകളിൽ ജനങ്ങളുടെ ആശങ്ക പരിഹരിക്കണമെന്ന് സുപ്രീംകോടതി സംസ്ഥാനങ്ങൾക്കു നിർദ്ദേശം നൽകി. വീഡിയോ ഗെയിമിൽ അടിമപ്പെട്ടവരിൽ വിഷാദം, മാനസിക പിരിമുറുക്കം, വിരസത, ഒറ്റപ്പെടൽ എന്നിവയുണ്ടാകുന്നു. ആത്മവിശ്വാസവും ആത്മാഭിമാനവും കുറവുള്ള കുട്ടികളാണ് ഇതിന് അടിമപ്പെടുന്നതിലേറെയും.

ഓൺലൈൻ ചലഞ്ച് ഗെയിമുകളാണ് മറ്റൊരു വെല്ലുവിളിയായിട്ടുള്ളത്. വിവേകത്തെ നഷ്ടപ്പെടുത്തുന്ന ഈ കളിരീതികൊണ്ട് സ്വയം മുറിവേൽപ്പിക്കുക, അശ്ലീലചിത്രങ്ങൾ കൈമാറുക, ജീവൻ വെടിയാൻ ശ്രമിക്കുക തുടങ്ങിയ അപകടകരമായ അവസ്ഥയിലേക്ക് പോകും. ബ്ലൂവെയിൽ ചലഞ്ച്, പാസ്സ്ഔട്ട് ചലഞ്ച്, സാൾട്ട് ആൻഡ് ഐസ് ചലഞ്ച്, ഫയർ ചലഞ്ച്,



ഐസ് ബക്കറ്റ് ചലഞ്ച് തുടങ്ങിയവ ഈ വിനോദങ്ങൾക്ക് ഉദാഹരണങ്ങളാണ്. ഈ വിനോദങ്ങളിൽ ഏർപ്പെടുന്നവർ ഗെയിം ജയിക്കാനായി നിർദ്ദേശിക്കുന്ന പ്രവൃത്തികൾ (Task) ചെയ്ത് കൂടുതൽ പോയിന്റുകൾ നേടാൻ ശ്രമിക്കും. ഈ പ്രവർത്തികൾ യുക്തിക്ക് നിരക്കാത്തവയാണ്. ശവപ്പറമ്പിൽ പോകുക, വീട് വിട്ടു പോകുക, പ്രേതസിനിമകൾ ഒറ്റയ്ക്കു കാണുക, ശരീരത്തിൽ കത്തി ഉപയോഗിച്ച് മുറിവുകൾ ഉണ്ടാക്കുക, വലിയ ജലാശയത്തിൽ ചാടുക, ആത്മഹത്യ ചെയ്യുക എന്നിവയാണ്.

കൗമാരക്കാരെയും യുവജനങ്ങളെയും ഏറെ ആകർഷിച്ച മറ്റൊരു അപകടക്കെണിയാണ് ഓൺലൈൻ ചൂതാട്ടം (online gambling), സമപ്രായക്കാരുടെ സമ്മർദം മൂലമോ ബോറടി മാറ്റാനോ വിഷാദത്തിൽ നിന്നും രക്ഷപ്പെടാനോ ആയിരിക്കാം ഓൺലൈൻ ചൂതാട്ടത്തിൽ ഏർപ്പെടുന്നത്. ചൂതാട്ടങ്ങളിൽ പങ്കാളിയാകാൻ ധാരാളം വെബ്സൈറ്റുകൾ ഉണ്ട്. എന്നാൽ മിക്ക രാജ്യങ്ങളിലും ചൂതുകളി നിയമവിധേയവുമാണ്. അതിനാൽ ഇത്തരം വെബ്സൈറ്റ് ഉടമകൾ സുരക്ഷിതരാണ്. ഇന്ത്യയിലിരുന്നുകൊണ്ട് അന്യരാജ്യത്ത് നിയമവിധേയചൂതുകളി നടത്തിയാൽ നിയമപ്രശ്നങ്ങൾ നിരവധിയാണ്. അജ്ഞതമൂലമാണ് പലരും ഇത്തരത്തിൽ പ്രശ്നങ്ങളിൽ ചെന്നു ചാടുന്നത്.

ഇലക്ട്രോണിക് മാധ്യമം ഉപയോഗിച്ച് ബോധപൂർവ്വം നടത്തുന്ന ആക്രമണമാണ് സൈബർ ബുള്ളിയിങ് (Cyber bullying). ഭീഷണി പ്പെടുത്തിക്കൊണ്ടുള്ള ഇ-മെയിലുകൾ അയയ്ക്കുക, സ്വകാര്യമെയിലുകൾ, ചിത്രങ്ങൾ എന്നിവ അയയ്ക്കുക, അപകീർത്തികരമായ വോട്ടിങ് വെബ്സൈറ്റുകൾ തുടങ്ങുക എന്നിവയെല്ലാം സൈബർ ബുള്ളിയിങ്ങാണ്. പിന്തുടരൽ, പകവീട്ടൽ, അക്കൗണ്ട് ഹാക്ക് ചെയ്യൽ, സ്വകാര്യ വിവരങ്ങൾ മോഷ്ടിക്കൽ തുടങ്ങിയവയും ഓൺലൈൻ പീഡനത്തിന്റെ പരിധിയിൽ വരുന്നവയാണ്. സൈബർ ബുള്ളിയിങ്ങിന്റെ കാര്യത്തിൽ മൂന്നാം സ്ഥാനമാണ് ഇന്ത്യയ്ക്കുള്ളത്. മൈക്രോസോഫ്റ്റിന്റെ സർവ്വേ പ്രകാരം ഇന്ത്യയിൽ 53% കുട്ടികളും ഓൺലൈൻ ബുള്ളിയിങ്ങിന് ഇരകളാകുന്നുണ്ട്.



കുട്ടികളും മുതിർന്നവരും ഒരേപോലെ ഇരകളാക്കപ്പെടുന്ന ഒന്നാണ് സൈബറിടങ്ങൾ. വ്യക്തിയുടെ ലൈംഗിക അജ്ഞതയെ ചൂഷണം ചെയ്ത് പ്രലോഭിപ്പിച്ചോ നിർബന്ധിച്ചോ ചെയ്യുന്നതാണ് ഓൺലൈൻ ലൈംഗികചൂഷണം. ദുരുദ്ദേശ്യപരമായി ചിത്രമോ വീഡിയോയോ എടുത്ത് ഇന്റർനെറ്റ് വഴി പ്രചരിപ്പിക്കുക. ലൈംഗികത നിറഞ്ഞ ചാറ്റുകൾ നടത്തുക, വേശ്യാവൃത്തിക്കോ മനുഷ്യകടത്തിനോ പ്രേരിപ്പിക്കുകയോ, സ്വാധീനിക്കുകയോ ചെയ്യുക എന്നിവയെല്ലാം കുറ്റകരമാണ്. ലൈംഗിക ബന്ധത്തിനോ അശ്ലീലചാറ്റിനോ വേണ്ടി നിരന്തരം നടത്തുന്ന അഭ്യർഥനയാണ് പ്രലോഭനം (Sexual solicitation). ഇതും ഓൺലൈൻ ലൈംഗിക ചൂഷണമാണ്.

ഓൺലൈനിലൂടെ കുട്ടികളെ ലൈംഗിക കാര്യങ്ങളെക്കുറിച്ച് പറഞ്ഞ് എതിർപ്പ് മാറ്റിയെടുക്കുന്നു. പിന്നീട് പുറത്ത് ഏതെങ്കിലും സ്ഥലത്തുവച്ച് ലൈംഗികബന്ധത്തിന് പ്രേരിപ്പിക്കുന്നു. ഇതിനെയാണ് ഓൺലൈൻ ഗ്രൂമിങ് (Online grooming) എന്നു പറയുന്നത്. അശ്ലീല ചിത്രങ്ങൾ അയച്ചു കൊടുത്തും മറ്റുമാണ് കുറ്റവാളികൾ ചൂണ്ടയിടുന്നത്. അക്കൗണ്ടിൽ പ്രൈവസി സെറ്റിങ്സ് (privacy settings) കൃത്യമായി ക്രമീകരിക്കാത്തവരാണ് ഇവരുടെ ഇരകൾ. ചർച്ചചെയ്യാൻ മടിയുള്ള പല കാര്യങ്ങളും ഇവർ ഓൺലൈൻ വഴി ചർച്ചചെയ്യും.

മൊബൈൽ ഫോണുപയോഗിച്ച് അശ്ലീലഫോട്ടോകളും അശ്ലീല സന്ദേശങ്ങളും കൈമാറുന്നതാണ് ഓൺലൈൻ സെക്സ്റ്റിങ്(Online Sexting). രഹസ്യമായി അയയ്ക്കുന്ന സന്ദേശങ്ങളെല്ലാം കൈമാറ്റം ചെയ്യപ്പെടില്ലായെന്ന മിഥ്യാധാരണമൂലം പലരും ഇത്തരം അബദ്ധങ്ങളിൽ ചെന്നു ചാടാറുണ്ട്. ഇങ്ങനെ അയയ്ക്കുന്ന ചിത്രങ്ങളുടെ പേരിൽ ഭീഷണിയോ പ്രലോഭനമോ ഉണ്ടായെന്നു വരാം. സ്വകാര്യചിത്രങ്ങൾ എടുത്ത് അയച്ചു കൊടുക്കുന്നവർക്കെതിരെ അശ്ലീലചിത്രങ്ങൾ കൈവശം വച്ചതിനു നടപടിയെടുക്കാവുന്നതാണ്.

വ്യക്തിയുടെ അനുവാദമില്ലാതെ അവരുടെ നഗ്നചിത്രങ്ങളോ, വീഡിയോദൃശ്യമോ അപകീർത്തിപ്പെടുത്താനുള്ള ഉദ്ദേശ്യത്തോടെ പരസ്യപ്പെടുത്തുന്നതാണ് റിവഞ്ച് പോൺ (Revenge Porn).



ഇന്റർനെറ്റിന്റേയും സ്മാർട്ട് ഫോണുകളുടെയും സ്വീകാര്യത റിവഞ്ച് പോണിലേക്ക് പലരും എത്തിപ്പെടാൻ കാരണമാകുന്നു.

വെബ്ക്യാമറയോ മൊബൈൽ ഫോണോ ഉപയോഗിച്ച് അവനവൻ എടുക്കുന്ന ചിത്രങ്ങളാണ് സ്വയം നിർമ്മിത അശ്ലീല ചിത്രങ്ങൾ (Self generated pornography). ഇവ കുറ്റവാളികളുടെ കൈയിലകപ്പെട്ടാൽ ലൈംഗിക ചൂഷണത്തിനും ലൈംഗികാതിക്രമത്തിനും ഇടയാകും.

മൊബൈൽ റീടെയിലിങ്ങിന്റെ കാലമാണിപ്പോൾ. ഓൺലൈൻ വഴി സാധനങ്ങൾ ഓർഡർ ചെയ്ത് പണം നഷ്ടമായവർ ഇന്ന് വളരെയധികമാണ്. കൂടാതെ മറ്റുള്ളവരുടെ വ്യക്തിവിവരങ്ങൾ, ഇ-മെയിൽ മോഷണം(Email spoofing), പാസ്‌വേർഡ് കൈക്കലാക്കി പണമിടപാട് നടത്തൽ(Phishing), കള്ളപ്രമാണം ചമയ്ക്കൽ(forgery), അപമാനിക്കൽ (Cyber defamation), അനധികൃതമായി വിവരം ശേഖരിക്കൽ(Cyber Stalking), വെബ്സൈറ്റുകൾ വിരൂപമാക്കൽ (Web defacement) ഇ-മെയിൽ ബോംബിങ് (Email bombing) അതായത് ധാരാളം മെയിലയച്ച് അക്കൗണ്ട് തകർക്കുക, മാറ്റിമറിക്കുക (Data didling) എന്നിവയൊക്കെ സൈബർ കുറ്റകൃത്യങ്ങളുടെ പട്ടികയിൽ വരുന്നവയാണ്.

സാമ്പ്രദായിക ഫിഷിങ് (Phishing) രീതികൾ ഏതാണ്ട് പരിചിതമായപ്പോൾ കുറ്റവാളികൾ കണ്ടുപിടിച്ച പുതിയൊരു രീതിയാണ് ഫാമിങ് (Pharming). ഡൊമൈൻ നെയിം സിസ്റ്റത്തിനെ (DNS) നേരിട്ട് ബാധിക്കുന്ന രീതിയാണിത്. ഡി.എൻ.എസ്. സെർവറിലെ ഏതെങ്കിലും പിഴവ് ഉപയോഗിച്ച് ഹാക്കർമാർ അവർ ക്രമീകരിച്ച വ്യാജ വെബ്സൈറ്റിലേക്ക് നമ്മെ നയിക്കും. ഒരേ സമയം കൂടുതൽ ആളുകളെ ബാധിക്കും എന്നതാണ് ഫാമി ങ്ങിന്റെ പ്രത്യേകത. ഓൺലൈൻ ലോട്ടറി, ഓൺലൈൻ ജോലിതട്ടിപ്പ് ഇവ യെല്ലാം ഇതിനുദാഹരണങ്ങളാണ്.

തീവ്രവാദസ്വഭാവമുള്ള ആശയങ്ങൾ ഇന്റർനെറ്റ് വഴി പ്രചരിപ്പിക്കുകയും അവയ്ക്ക് പിന്തുടർച്ചക്കാർ ഉണ്ടാവുകയും ഓൺലൈൻ സമൂഹമായി മാറുകയും ചെയ്യുന്നതാണ് സൈബർ തീവ്രവാദം (Cyber terrorism), രാജ്യസുരക്ഷയെ തന്നെ പ്രതികൂലമാക്കാവുന്ന ഇവയെ നാം തിരിച്ചറിയേണ്ടതാണ്.

# FOCUS



വിവരസാങ്കേതികവിദ്യയുടെ ഗുണഫലങ്ങൾ ഏറെയാണ്. അറിവിന്റെ അക്ഷയഖനികളാണ് ഇവ നമുക്ക് തരുന്നത്. ദൈനംദിന ജീവിതത്തിൽ ഏറെ സഹായകരമായ പല പ്രവർത്തനങ്ങളും നടത്താൻ ഇന്റർനെറ്റ് പ്രയോജനപ്പെടുന്നു. പക്ഷേ, ഇതോടൊപ്പം കൂട്ടിച്ചേർക്കേണ്ട ഒരു കാര്യമുണ്ട്. സൈബറിടങ്ങളിലെ ചതിക്കുഴികൾ, സൈബർ കുറ്റകൃത്യങ്ങൾ ശൃംഖലപോലെ ഇന്ന് സമൂഹത്തിൽ വ്യാപിക്കുന്നു. തെളിയിക്കപ്പെടാൻ സാധിക്കാത്ത കുറ്റകൃത്യങ്ങൾ അനവധിയാണ്. ഹൈടെക്ക് കള്ളന്മാർ എങ്ങും വിഹരിക്കുന്നു. 2017 ഏപ്രിലിലും 2018 ജനുവരിയ്ക്കുമിടയിൽ ഇന്ത്യയിൽ 114 സർക്കാർ പോർട്ടലുകൾ ഹാക്ക് ചെയ്യപ്പെട്ടു. ഏറ്റവും കൂടുതൽ സൈബർ ആക്രമണങ്ങൾ നടത്തുന്ന പത്തു രാജ്യങ്ങളുടെ പട്ടികയിൽ നാലാം സ്ഥാനമാണ് ഇന്ത്യയ്ക്കുള്ളത്. സൈബർ ആക്രമണം മൂലമുണ്ടാകുന്ന സാമ്പത്തിക അരക്ഷിതാവസ്ഥ വളരെ വലുതാണ്.

മൂന്നുവർഷം മുതൽ 10 വർഷം വരെ തടവും ലക്ഷങ്ങൾ മുതൽ കോടിക്കണക്കിന് രൂപവരെ പിഴയുമാണ് ഐ.റ്റി. ആക്ട് വ്യവസ്ഥ ചെയ്യുന്നത്. വിവരസാങ്കേതികവിദ്യാ നിയമം (Information Technology Act, 2000), ഭേദഗതി ചെയ്ത വിവരാവകാശ നിയമം (Right to Information Act, 2005), അവയുടെ വിവിധ ചട്ടങ്ങൾ, ഇന്ത്യൻ പീനൽ കോഡിലെ ചില വകുപ്പുകൾ എന്നിവയാണ് സൈബർ കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി നിർമ്മിക്കപ്പെട്ട നിയമങ്ങൾ. ജനങ്ങൾക്ക് ഇവയെക്കുറിച്ചുള്ള അവബോധം ലഭിക്കുക എന്നതാണ് പ്രധാനം.

സൈബർലോകത്തിൽ ദിനംപ്രതി മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. കുരുക്കുകൾ അഴിയുംതോറും ഊരാക്കുടുക്കിലേക്ക് നയിക്കുന്നതാണ് ഇന്റർനെറ്റിന്റെ ലോകം. കണ്ണും കാതും തുറന്നുവച്ച് ജാഗ്രതയോടുകൂടി മാത്രമേ സൈബറിടങ്ങളിൽ നമുക്കു വിഹരിക്കാൻ കഴിയൂ.

**വിജ്ഞാനകൈരളി,**

**ജൂലൈ 2019.**



## Resistance to formula

**Asha Sarangi**

THE DRAFT NATIONAL EDUCATION POLICY (NEP), 2019, was submitted to the government on May 31, 2019. This sizeable report of about 480 pages has been in the making since January 2015 when consultations on the NEP first began. The Ministry of Human Resource Development (HRD) had earlier constituted a Committee for Evolution of the New Education Policy, under the chairmanship of T.S.R. Subramanian, the former Cabinet Secretary, which submitted its report in May 2016. Based on this report, the Ministry prepared “Some inputs for the Draft National Education Policy, 2016”. Subsequently, in June 2017, a committee was formed under the chairmanship of K. Kasturirangan, the eminent scientist and former Chairperson, Indian Space Research Organisation (ISRO), to examine all suggestions and submit a draft policy by December 2018. The draft NEP was put in the public domain, seeking comments, suggestions and inputs from various stakeholders, until June 30,2019. (This has since been extended by a month.) The policy is comprehensive and aims at covering several aspects and stages of school, college and university education. For school education, it has included children of the 3-18 age group instead of the existing 6-14 age group under the Right to Education Act (RTE).

A number of education commissions and committees have been set up since Independence to help formulate and implement various governmental policies and programmes. The first University Education Commission (1948-49), also known as the Radhakrishnan Commission, under the chairmanship of Dr S. Radhakrishnan, the second President of India, spelt out the objectives and functions of university education in detail. It was followed by the E.G. Kher Committee on Primary Education in 1951 whose recommendations were made part of the Secondary Education Commission (1952-53), which was



also known as the Mudaliyar Commission. Subsequently, the Official Language Commission, 1956, and the Education Commission (1964-66), the latter known as the Kothari Commission, were set up to achieve the ideals of democratic citizenship, economic and social mobility and cultural integration through a comprehensive education policy in India. What emerged from these commissions was the National Education Policy, 1968, which emphasised the domains of science and technology in the education system of the country. Thereafter, the National Policy on Education was presented in 1986 to integrate new domains and spheres in the realm of education; finally, the National Curriculum Framework (NCF 2005) outlined the broader framework for school education.

**SCOPE OF NEP 2019**

The draft NEP is a vision document of education and its accessibility for the next two decades. It proposes that the education policy must have as its objectives access, equity, quality, affordability and accountability. It sets out that students must develop not merely cognitive skills relating to numeracy and literacy but also soft skills consisting of social and emotional skills with cultural competence, team work, perseverance and leadership, and so on (page 25). In other words, education must impart social and emotional competence, going beyond the recommendations and policy implementations of the earlier two education policies-the National Policy on Education, 1986, and its modification in 1992. The universalisation of school education provided through the 86th Constitutional Amendment Act, 2002, under Article 21-A of the Constitution, ensures free and compulsory education as a fundamental right as part of the RTE Act that came into force in April 2010.

Early Childhood Care and Education (ECCE) is a novel concept in the draft with particular respect to the idea of cognitive growth and the questions relating to ‘’learning crisis”. The questions of curricula design, pedagogical framework, creative activity-based education and innovative teaching tools



have got significant attention in the draft. The idea of establishing National Tutors Programmes across the country is to enable high quality peer tutoring among students. Similarly, to increase communicative skills among children, the draft policy recommends the expansion of school and public libraries and encouraging the culture of reading. In order to minimise rote learning, it emphasises the transformation of both curriculum and pedagogy by the use of multilingualism and diverse communicative order in classroom teaching.

In its vision for universal *access* to education for the 3-1 age group) 20.30. the draft draws attention to the need for providing transport and hostel facilities and safety measures, monitoring of attendance and school status, and the role of social workers and counsellors. With regard to the administrative governance of schools, the draft indicates measures such as the organisation of schools into school complexes for institutional resources, and a comprehensive teacher development plan for regulation and accreditation of school education by setting up a State .School Regulatory Authority (SSRA) in every State as part of the extension of the RTE, 2009. Similarly, for higher education, the draft committee has suggested the setting up of a National Research Foundation (NRF) as a resource centre to provide a funding framework for higher education. A move has been proposed to regulate, control, and monitor education at the Central and State levels by setting up the Rashtriya Shiksha Aayog (National Education Commission) to be headed by the Prime Minister and the Rajya Shiksha Aayog (State Education Commission) to be headed by the Chief Minister.

The draft policy emphasises language teaching as part of the school curricula. It recognises the power of languages in learning and in the dissemination of knowledge throughout the school years. However, in pursuit of acquiring learning and not necessarily interrogating ciritically or introspecting what and how to learn in schools through textbooks or set curricula, the draft



gives languages more of an instrumental role to perform. The deeper relationship between language and education has not been worked out substantively.

